

# അനശ്വര രാഷ്ട്രം ഉണരുന്നതിന്റെ ലക്ഷ്യം

പൂജനീയ
സർസംഘചാലക്
ഡോ. മോഹൻ ഭാഗവത്
വിജയദശമി ദിനത്തിൽ
നാഗ്പൂരിൽ ചെയ്ത
പ്രഭാഷണത്തിന്റെ
പൂർണ രൂപം










അനശ്വര
രാഷ്ട്രം
ഉണരുന്നതിന്റെ
ലക്ഷ്യം
പേജ് 04

സംഘത്തിന്റെ
ചുമതല
വ്യക്തി
നിർമ്മാണം
മാത്രം
പേജ് 16





ഭേദഭാവന
നിർമ്മാർജനം
ചെയ്യണം
പേജ് 31




# അനശ്വര രാഷ്ട്രം ഉണരുന്നതിന്റെ ലക്ഷ്യം

ഇന്നത്തെ പരിപാടിയുടെ മുഖ്യാതിഥി ബഹുമാനപ്പെട്ട ശ്രീ ശങ്കർ മഹാദേവൻ ജി, വേദിയിൽ സന്നിഹിതനായ മാനനീയ സർകാര്യവാഹ്ജി, വിദർഭ പ്രാന്തത്തിന്റെ മാന്യ സംഘചാലക് ജി, നാഗ്പൂർ മഹാനഗരത്തിന്റെ മാന്യ സംഘചാലക്, മാന്യ സഹസംഘചാലക്ജി, മറ്റ് അധികാരിമാരേ, സജ്ജനങ്ങളേ, അമ്മമാരെ, സഹോദരിമാരെ, പ്രിയപ്പെട്ട സ്വയംസേവക സഹോദരന്മാരെ

രാക്ഷസീയതയ്ക്ക് മേൽ മാനവികതയുടെ സമ്പൂർണ വിജയം കുറിച്ച ശക്തിപർവം എന്ന നിലയിൽ എല്ലാ വർഷവും നമ്മൾ വിജയദശമി ഉത്സവം ആഘോഷിക്കുന്നു. ഈ വർഷം വിജയദശമി എത്തുന്നത് നമുക്ക് അഭിമാനവും സന്തോഷവും ഉത്സാഹവും സൃഷ്ടിക്കുന്ന സംഭവങ്ങളുമായാണ്.

## അഭിമാനത്തിന്റെ കാലം

നമ്മുടെ രാഷ്ട്രം പ്രമുഖ രാജ്യങ്ങളടങ്ങുന്ന ജി-20 സമ്മേളനത്തിന് ആതിഥ്യം വഹിച്ചു. വർഷം മുഴുവനും അംഗരാജ്യങ്ങളിൽ നിന്നുള്ള രാഷ്ട്രത്ത



ലവന്മാർ, മന്ത്രിമാർ, ഉദ്യോഗസ്ഥർ, പണ്ഡിതർ തുടങ്ങിയവർ പങ്കെടുത്ത നിരവധി പരിപാടികൾ ഭാരതത്തിൽ അനകം സ്ഥലങ്ങളിൽ നടന്നു. നമ്മുടെ സ്നേഹനിർഭരമായ ആതിഥ്യവും രാഷ്ട്രത്തിന്റെ മഹത്തായ പാരമ്പര്യവും പ്രതീക്ഷാനിർഭരമായ വർത്തമാനകാലവും വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളിൽ സ്വാധീനം സൃഷ്ടിച്ചു. ആഫ്രിക്കൻ യൂണിയനെ അംഗമായി അംഗീകരിപ്പിച്ചതിലൂടെയും ജി20 കൗൺസിലിന്റെ ആദ്യദിവസം തന്നെ സംയുക്തപ്രമേയം ഏകകണ്ഠമായി അവതരിപ്പിച്ചതിലൂടെയും ഭാരതത്തിന്റെ ഉദാരതയുടെ ആഴവും നയതന്ത്ര വൈദഗ്ധ്യവും എല്ലാവരും മനസിലാക്കി. ഭാരതത്തിന്റെ വിശിഷ്ടമായ ആശയങ്ങളും ദർശനങ്ങളും കാരണം, ലോകത്തിന്റെയാകെ ചിന്തകളെ 'വസുധൈവ കുടുംബകം' എന്ന ദിശയിലേക്ക് കൂട്ടിയിണക്കി. സാമ്പത്തിക കേന്ദ്രിതമായ ജി 20 രാജ്യങ്ങളുടെ കാഴ്ചപ്പാട് മനുഷ്യ കേന്ദ്രിതമായി. വിശ്വവേദിയിൽ ഒരു പ്രമുഖ രാഷ്ട്രമെന്ന നിലയിൽ ഭാരതത്തിന്റെ അചഞ്ചലമായ സ്ഥാനം ഉറപ്പിക്കാൻ ഈ സന്ദർഭത്തിലൂടെ നമ്മുടെ നേതൃത്വത്തിന് കഴിഞ്ഞു.

ഇതാദ്യമായി ഏഷ്യൻ ഗെയിംസിൽ നമ്മുടെ കായികതാരങ്ങൾ നൂറിലധികം – 107 മെഡലുകൾ, (28 സ്വർണം, 38 വെള്ളി, 41 വെങ്കലം) നേടി നമ്മുടെയെല്ലാവരുടെയും ആവേശം വർധിപ്പിച്ചു. അവരെയെല്ലാം അഭിനന്ദിക്കുന്നു. ചന്ദ്രയാൻ അവസരത്തിൽ ഭാരതത്തിന്റെ ശക്തിയുടെയും ബുദ്ധിയുടെയും യുക്തിയുടെയും നേർക്കാഴ്ചയും ലോകം കണ്ടു. നമ്മുടെ ശാസ്ത്രജ്ഞരുടെ ശാസ്ത്രജ്ഞാനവും സാങ്കേതിക നൈപുണ്യവും സാമർത്ഥ്യവും നേതൃപരമായ ഇച്ഛാശക്തിയും കാര്യക്ഷമതയും ചേർന്നാണ് ഈ വിജയമുണ്ടായത്. ബഹിരാകാശ യുഗത്തിന്റെ ചരിത്രത്തിലാദ്യമായി ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഭാരതത്തിന്റെ ലാൻഡർ വിക്രം ഇറങ്ങി. സമസ്ത ഭാരതീയരുടെയും അഭിമാനവും ആത്മവിശ്വാസവും ഉയർത്തിയ ഈ ദൗത്യം നിർവഹിച്ച ശാസ്ത്രജ്ഞരും അവർക്ക് കരുത്ത് പകർന്ന നേതൃത്വവും ദേശത്തിന്റെയാകെ അഭിനന്ദനം നേടുകയാണ്.

ലോകത്തിനാകെ ഗുണം ചെയ്യുക എന്ന രാഷ്ട്രത്തിന്റെ ആഗോള ദൗത്യ നിർവഹണത്തിന് അടിസ്ഥാനമായ ദേശീയാദർശങ്ങളാണ് മുഴുവൻ രാഷ്ട്രത്തിന്റെയും പ്രയത്നങ്ങളുടെ ഉറവിടം. നമ്മുടെ ഭരണഘടനയുടെ യഥാർത്ഥ പകർപ്പിന്റെ ഒരു പേജിൽ, ഈ ധർമ്മത്തിന്റെ പ്രതീകമായി ആരുടെ ചിത്രമാണോ ആലേഖനം ചെയ്തിട്ടുള്ളത്, ആ ശ്രീരാമന്റെ ബാ



ലരൂപം പ്രതിഷ്ഠിച്ച ക്ഷേത്രം അയോധ്യയിൽ നിർമ്മിക്കുന്നു. വരുന്ന ജനുവരി 22 ന് ശ്രീരാം ലല്ലയുടെ പ്രാണപ്രതിഷ്ഠ ഉണ്ടാകുമെന്ന് പ്രഖ്യാപനം വന്നിരിക്കുന്നു. സുരക്ഷാപരമായ കാരണങ്ങളും സൗകര്യങ്ങളിലും മറ്റുമുള്ള പ്രതിസന്ധികളും കൊണ്ട് ഈ ശുഭമുഹൂർത്തത്തിൽ വളരെ പരിമിതമായ എണ്ണം ആളുകൾക്ക് മാത്രമേ പങ്കെടുക്കാനാവുകയുള്ളൂ. ശ്രീരാമൻ നമ്മുടെ ദേശീയ മൂല്യങ്ങളുടെ ആദരവിന്റെ പ്രതീകമാണ്, കർത്തവ്യപാലനത്തിന്റെയും കരുണയുടെയും സ്നേഹത്തിന്റെയും പ്രതീകമാണ്. അത്തരത്തിലുള്ള ഒരു അന്തരീക്ഷം അതാത് സ്ഥലങ്ങളിൽ സൃഷ്ടിക്കപ്പെടണം. രാമക്ഷേത്രത്തിൽ ശ്രീരാം ലല്ലയുടെ  പ്രതിഷ്ഠയോടെ നമ്മുടെ മനസ് അയോധ്യയാകണം. ഓരോ ഹൃദയത്തിലും ശ്രീരാം ലല്ലയുടെ പ്രതിഷ്ഠ നടക്കണം. എല്ലായിടത്തും സ്നേഹത്തിന്റെയും സദ്ഭാവനയുടെയും അന്തരീക്ഷം ഉണ്ടാകണം. ഇതിനായി എല്ലായിടങ്ങളിലും ചെറിയ ചെറിയ പരിപാടികൾ സംഘടിപ്പിക്കണം.

## വിഭൂതികളുടെ സ്മരണ

നൂറ്റാണ്ടുകളായി നേരിട്ട പ്രതിസന്ധികളോട് പൊരുതി ജയിച്ച നമ്മുടെ ഭാരതം  ഭൗതികവും ആത്മീയവുമായ പുരോഗതിയുടെ പാതയിലൂടെ മുന്നേറുന്നതിന് സാക്ഷികളാകാൻ സൗഭാഗ്യം ലഭിച്ചവരാണ് നമ്മൾ. സമ്പൂർണ വിശ്വത്തിനും സ്വന്തം ജീവിതത്തിലൂടെ അഹിംസ, ജീവദയ, സദാചാരം എന്നിവയുടെ സന്മാർഗം കാട്ടിക്കൊടുത്ത ശ്രീ മഹാവീർ സ്വാമിയുടെ 2550-ാം നിർവാണ വർഷം, ഹിന്ദവിസ്വരാജ് സ്ഥാപിച്ച് ന്യായപൂർണവും ജനഹിതകാരിയുമായ ഭരണവ്യവസ്ഥയിലൂടെ വിദേശഭരണത്തിൽ നിന്നുള്ള മുക്തിമാർഗം കാട്ടിത്തന്ന ഛത്രപതി ശ്രീ ശിവജി മഹാരാജിന്റെ രാജ്യാഭിഷേകത്തിന്റെ 350-ാം വർഷം, ബ്രിട്ടീഷുകാരുടെ അടിമത്തത്തിൽനിന്ന് മോചനം നേടാൻ സത്യാർത്ഥപ്രകാശത്തിലൂടെ സമ്പൂർണജനങ്ങളുടെയും മനസിൽ തനിമയുടെ വ്യക്തത പകർന്ന മഹർഷി ദയാനന്ദ സരസ്വതിയുടെ ഇരുന്നൂറാം ജന്മവാർഷികം... ഒക്കെ നമ്മൾ സമുചിതമായി ആചരിച്ചു.

വരുന്ന വർഷം സമാനമായ രീതിയിൽ ദേശീയ പുരുഷാർത്ഥത്തിന് ശാശ്വത പ്രചോദനമായി മാറിയ രണ്ട് വിഭൂതികളുടെ കൂടി പവിത്ര സ്മരണയുടെ വർഷമാണ്. സ്വത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി ബലിദാനം ചെയ്ത, ഉദ്യമം, സാഹസം, ധൈര്യം, ബുദ്ധി, ശക്തി, പരാക്രമം എന്നിവയെ  കരുത്താക്കി, പ്രജാക്ഷേമതത്പരയായി ഭരണനിർവഹണം നടത്തിയ ആദർശശാലിയായ മഹാറാണി ദുർഗാവതിയുടെ 500-ാം ജയന്തി വർഷമാണിത്. ഭാരതീയസ്ത്രീകളുടെ പ്രതിബദ്ധതയുടെയും ഉജ്ജ്വലമായ ശീലത്തിന്റെയും ജാജ്ജ്വല്യമായ ദേശഭക്തിയുടെയും ദീപ്തമായ ആദർശമാണ് മഹാറാണി ദുർഗാവതി.

ജനഹിതം നിറവേറ്റുന്നതിലെ ശ്രദ്ധയും ഭരണനൈപുണ്യവും കൊണ്ട് സാമാജിക അസമത്വത്തിന്റെ അടിവേരറുക്കുന്നതിനായി ജീവിതകാലം മുഴുവൻ സമ്പൂർണശക്തിയും സമർപ്പിച്ച മഹാരാഷ്ട്രയിലെ കോൽഹാപ്പൂർ ഭരണാധികാരിയായിരുന്ന ഛത്രപതി ഷാഹുജി മഹാരാജിന്റെ 150-ാം ജയന്തി വർഷം കൂടിയാണിത്.

രാജ്യത്തിന്റെ സ്വാതന്ത്ര്യ ജ്വാല ഉണർത്താൻ ചെറുപ്പകാലം മുതൽ യത്നിച്ച തമിഴ് സംന്യാസി ശ്രീമദ് രാമലിംഗ വല്ലലാറുടെ ഇരുന്നൂറാം ജയന്തി

ഈ മാസമാണ് ആചരിച്ചത്. പട്ടിണിക്കാർക്ക് ഭക്ഷണം നല്കാൻ വേണ്ടി അദ്ദേഹം കത്തിച്ച അടുപ്പുകൾ ഇന്നും തമിഴ് നാട്ടിൽ അണയാതെ നിൽക്കുന്നു. ആ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യത്തോടൊപ്പം സമാജത്തിന്റെ ആത്മീയവും സാംസ്കാരികവുമായ ഉണർവിനും സാമൂഹിക അസമത്വങ്ങളുടെ സമ്പൂർണ്ണ ഉന്മൂലനത്തിനും വേണ്ടിയാണ് അദ്ദേഹം ജീവിതത്തിലുടനീളം പ്രവർത്തിച്ചത്.

സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം ആഘോഷിക്കുന്ന വേളയിൽ പ്രചോദനാത്മകമായ ഈ വിഭൂതികളുടെ സ്മരണയിലൂടെ സമാജിക സമരസതയുടെയും ഏകാത്മകതയുടെയും  സ്വത്വ രക്ഷയുടെയും സന്ദേശം നമുക്ക് ആർജ്ജിക്കാനാകും.

അവനവന്റെ സ്വത്വത്തെ തിരിച്ചറിയാനും തനിമ  കാത്തുസൂക്ഷിക്കുവാനുമുള്ള മനുഷ്യന്റെ പരിശ്രമം സ്വാഭാവികവും സഹജവുമാണ്.വളരെ വേഗത്തിൽ അകലം കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ എല്ലാ രാജ്യങ്ങളിലും ഇതേപ്പറ്റിയുള്ള ചിന്ത പ്രബലമാണ്. ലോകത്തിന് മുഴുവൻ ഒരു നിറം നല്കാനുള്ള, ഏകരൂപം നല്കാനുള്ള ഒരുശ്രമവും ഇന്നേവരെ വിജയിച്ചിട്ടില്ല. ഇനി വിജയിക്കുകയുമില്ല. ഭാരതത്തിന്റെ തനിമയെ, ഹിന്ദു സമാജത്തിന്റെ സ്വത്വത്തെ ശ്രേഷ്ഠതയിൽ നിലനിർത്തിപ്പോരുക എന്ന ആശയം സ്വാഭാവികമാണ്. ലോകത്തിന്റെ വർത്തമാനകാല ആവശ്യങ്ങൾ നിറവേറ്റുന്നതിന്, സ്വന്തം മൂല്യങ്ങളെ അടിസ്ഥാനമാക്കി, കാലത്തിന് യോഗ്യമായ രീതിയിൽ, പുതിയ നിറഭാവങ്ങളിൽ ഭാരതം അന്തസ്സോടെ ഉയർന്നുനില്ക്കണമെന്നത് ലോകത്തിന്റെയാകെ പ്രതീക്ഷയാണ്.

## ഹിമാലയൻ മേഖല<br>നല്കുന്ന സൂചന

മതസമ്പ്രദായങ്ങളിൽ നിന്ന് ഉടലെടുക്കുന്ന ഭ്രാന്തിനെയും തീവ്രവാദത്തെയും അഹങ്കാരത്തെയും ലോകം അഭിമുഖീകരിക്കുകയാണ്. സ്വാർത്ഥത മൂലമുള്ള പരസ്പരസംഘർഷങ്ങളും കലാപങ്ങളും ഉക്രൈനും ഗാസയും പോലെ യുദ്ധസമാനമായ സാഹചര്യങ്ങൾക്ക് കാരണമാകുന്നു എന്നതാണ് വാസ്തവം. പ്രകൃതിവിരുദ്ധ ജീവിത ശൈലി, അനിയന്ത്രിതമായ ഉപഭോഗം എന്നിവ മൂലം ശാരീരികവും മാനസികവുമായ പുതിയ പുതിയ രോഗങ്ങൾ ഉയർന്നുവരുന്നു. കൊള്ളരുതായ്മകളും കുറ്റകൃത്യങ്ങളും വർധിച്ചുവരുന്നു. അമിതമായ വ്യക്തിവാദം മൂലം കുടുംബങ്ങൾ തകരുന്നു. അതിരില്ലാത്ത പ്രകൃതിചൂഷണം, ആഗോളതാപനം, ഋതുക്രമത്തിലെ അസന്തുലനം ഇതൊക്കെ മൂലമുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ വർഷംതോറും വർധിക്കുന്നു. തീവ്രവാദത്തിനും ചൂഷണത്തിനും അമിതാധികാരവാദത്തിനും തുറന്ന മൈതാനങ്ങൾ ലഭിക്കുന്നു. ഇടുങ്ങിയ ദൃഷ്ടിയിലൂടെ  മാത്രം ഈ പ്രശ്നങ്ങളെ കാണുന്ന ലോകത്തിന് ഇവയെ നേരിടാനാവില്ലെന്ന് ഉറപ്പായി. അതുകൊണ്ട്  സനാതനമൂല്യങ്ങളുടെയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ സ്വന്തം ഉദാഹരണത്തിലൂടെ യഥാർത്ഥ സുഖത്തിലേക്കും ശാന്തിയിലേക്കുമുള്ള പുതിയ പാത ഭാരതം ലോകത്തിന് നല്കും എന്ന പ്രതീക്ഷ ഉണർന്നിരിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യങ്ങളുടെ ഒരു ചെറിയ പതിപ്പ് ഭാരതത്തിലും നമ്മൾ അഭിമുഖീകരിക്കുകയാണ്.  ഉദാഹരണത്തിന്, അടുത്തിടെ ഹിമാലയ മേഖലയിലെ ഹിമാചൽ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ തുടങ്ങി മധ്യ

മേഖലയിലെ സിക്കിം വരെ, അടിക്കടി പ്രകൃതിദുരന്തങ്ങളുടെ മാരകമായ വിപത്താണ് നമ്മൾ നേരിടുന്നത്. ഭാവിയിൽ നേരിട്ടേക്കാവുന്ന ഗുരുതര വും വ്യാപകവുമായ പ്രതിസന്ധികളെയാണ് ഇത് സൂചിപ്പിക്കുന്നതെന്ന ആശങ്കയും ചർച്ചയും നടക്കുന്നു.

രാജ്യത്തിന്റെ അതിർത്തി സുരക്ഷ, ജലസുരക്ഷ, പാരിസ്ഥിതിക ആരോ ഗ്യം എന്നിവയ്ക്കായി ഭാരതത്തിന്റെ വടക്കൻ അതിർത്തി നിർണയിക്കു ന്നതിനുള്ള ഈ മേഖലയ്ക്ക് മഹത്വപൂർണമായ ഉത്തരവാദിത്തമുണ്ട്. എന്തുവിലകൊടുത്തും ഇത് സംരക്ഷിക്കേണ്ടതാണ്. സുരക്ഷ, പരിസ്ഥിതി, ജനസംഖ്യ, വികസനം തുടങ്ങിയവ മുൻനിർത്തി ഹിമാലയൻ മേഖലകളെ യാകെ ഒറ്റ ഘടകമായി കാണേണ്ടിവരും. പ്രകൃതിരമ്യമായ ഈ ഭൂപ്രദേശം ഭൂഗർഭശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ, പുതിയതും വീണ്ടുംവീണ്ടും നവീ കരിക്കുന്നതും അതുകൊണ്ടുതന്നെ അസ്ഥിരവുമാണ്. ഭൂതലവും ഭൂഗർ ഭവുമായ സവിശേഷതയോ ജലസ്രോതസുകൾ, സസ്യജന്തുജാലങ്ങൾ, ജൈവവൈവിധ്യങ്ങൾ തുടങ്ങിയ പ്രത്യേകതകളോ പരിഗണിക്കാതെയാ ണ് ഇവിടെ ഏകപക്ഷീയമായ വികസന പദ്ധതികൾ നടപ്പാക്കിയത്. ഇതി ന്റെ ഫലമായാണ് ഹിമാലയൻ മേഖലയും അതുവഴി രാജ്യം മുഴുവനും പ്രതിസന്ധിയുടെ വക്കിലായത്. കിഴക്ക്, തെക്കുകിഴക്കൻ രാജ്യങ്ങളിലെ ല്ലാം ജലം നല്കുന്നത് ഈ മേഖലയാണ്. ഇതേ മേഖലയിലാണ് ഭാരത ത്തിന്റെ വടക്കൻ അതിർത്തിയിൽ വർഷങ്ങളായി ചൈനയുടെ മുട്ട് നമ്മൾ കേൾക്കുന്നത്. അതുകൊണ്ട് ഈ പ്രദേശത്തിന് ഭൂമിശാസ്ത്രപരവും രാഷ്ട്രതന്ത്രപരവുമായ പ്രാധാന്യമുണ്ട്. ഇതുകൊണ്ട് ഈ മേഖലയിലെ പ്രശ്നങ്ങളെ മറ്റൊരു കാഴ്ചപ്പാടോടെ സമീപിക്കണം.

ഹിമാലയൻ മേഖലയിലാണ് ഈ സംഭവങ്ങൾ കൂടുതലായി നടക്കുന്ന തെങ്കിലും, രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും ഇതേപോലുള്ള സാഹചര്യങ്ങ ളുണ്ടെന്നാണ് മനസിലാകുന്നത്.

## വെല്ലുവിളികളെ നേരിടണം

പൂർണമായ ഭൗതികവാദത്തിന്റെയും പരകോടിയിലെത്തിയ ഉപഭോഗവാ ദകാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിലുള്ള വികസനമാർഗങ്ങൾ കാരണം മാനവികതയും പ്രകൃതിയും പതുക്കെപതുക്കെ, എന്നാൽ സ്ഥിരമായി വിനാശത്തിലേക്ക് നീങ്ങുകയാണ്. ലോകമെമ്പാടും ഈ ആശങ്ക വർധിച്ചി



രിക്കുന്നു. പരാജയപ്പെട്ട വഴികളെ ഉപേക്ഷിച്ച് ലോകം ഭാരതീയ മൂല്യങ്ങളിലേക്ക് സാവധാനം തിരിയുകയാണ്. സമഗ്രമായ ഏകാത്മദൃഷ്ടിയിൽ അധിഷ്ഠിതമായ, കാലാനുസൃതമായി നവീകരിക്കുന്ന വികസനത്തിന്റെ പാത ഭാരതം സൃഷ്ടിക്കേണ്ടതുണ്ട്. ഇത് ഭാരതത്തിന് സർവഥാ ഉപയുക്തവും ലോകത്തിന് അനുകരണീയവുമായ മാതൃകയാകണം. അതിന് ജഡവാദത്തിന്റെയും പിടിവാശിയുടെയും പ്രവണതകൾ നാം ഉപേക്ഷിക്കണം. പരാജയപ്പെട്ട പാതയെ അന്ധമായി പിൻതുടരുന്ന പ്രവണത അവസാനിപ്പിക്കണം. അധിനിവേശ മാനസികാവസ്ഥയിൽ നിന്ന് മുക്തമായി ലോകത്തിൽ നിന്ന് ദേശാനുകൂലമായതെന്തോ അത് സ്വീകരിക്കണം. നമ്മുടെ രാജ്യത്ത് എന്താണോ ഉള്ളത് അതിനെ യുഗാനുകൂലമായി മാറ്റിത്തീർത്ത് സ്വ ആധാരിതമായ സ്വദേശി വികാസപഥം സ്വീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇക്കാര്യത്തിന് അനുസൃതമായി അടുത്ത കാലത്തായി ചില മാറ്റങ്ങൾ ഉണ്ടായി എന്നത് ശ്രദ്ധേയമാണ്. സമാജത്തിൽ കൃഷി, വ്യവസായം, വ്യാപാരം, അനുബന്ധ സേവനങ്ങൾ, സഹകരണം, സ്വയംതൊഴിൽ തുടങ്ങിയ മേഖലകളിൽ, പുതിയ വിജയകരമായ പരീക്ഷണങ്ങളുടെ എണ്ണവും തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഭരണരംഗത്തും എല്ലാ മേഖലകളിലും ചിന്തയുടെ വഴി കാട്ടുന്ന ബൗദ്ധിക സമൂഹത്തിനിടയിലും ഇത്തരത്തിലുള്ള ഉണർവ് കൂടുതലായി ഉണ്ടാകേണ്ടതുണ്ട്.

ഭരണത്തിന്റെ നല്ല നയങ്ങൾ, സ്വ ആധാരിതവും യുഗാനുകൂലവുമായ നീതി, ജനസൗഹൃദ പ്രവർത്തനങ്ങൾ, ഇവയ്ക്കെല്ലാം മനസും വാക്കും കർമ്മവും കൊണ്ട് സമാജം നല്കുന്ന സഹകരണവും പങ്കാളിത്തവും പിന്തുണയും മാത്രമേ മാറ്റത്തിന്റെ ദിശയിൽ രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകൂ.

എന്നാൽ ഇത് സാധ്യമായില്ലെങ്കിൽ, സമാജത്തിന്റെ ഒരുമ ശിഥിലമായി ഭിന്നതയും സംഘർഷവും വർദ്ധിക്കും, ഇത് വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. അജ്ഞതയും അവിവേകവും അവിശ്വാസവും അശ്രദ്ധയും കാരണം അപ്രതീക്ഷിതമായ ഇത്തരം പിരിമുറുക്കങ്ങളും വിയോജിപ്പും വർധിക്കുന്നു. ഭാരതത്തിന്റെ ഉയർച്ചയുടെ ലക്ഷ്യം ലോകക്ഷേമമാണ്. ഈ ഉത്ഥാനത്തിന്റെ സ്വാഭാവിക പരിണാമമെന്ന നിലയിൽ സ്വാർത്ഥികളും വിഘടനവാദികളും കാപട്യത്തിലൂടെ സ്വന്തം കാര്യം കാണുന്ന ശക്തികളുമൊക്കെ നിയന്ത്രിക്കപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ അത്തരക്കാരുടെ കേന്ദ്രങ്ങളിൽ നിന്ന് നിരന്തരമായ പ്രതിരോധമുണ്ട്. ഇതെല്ലാം ചെയ്യുമ്പോഴും ഈ ശക്തികൾ ഏതെങ്കിലും പ്രത്യയശാസ്ത്രത്തിന്റെ കുപ്പായമിടും. മറ്റുള്ളവർക്ക് വേണ്ടിയാണ് പ്രവർത്തിക്കുന്നതെന്ന് തെറ്റിദ്ധാരണ പരത്തും. അവരുടെ യഥാർത്ഥ ലക്ഷ്യങ്ങൾ മറ്റ് പലതുമാണ്. പ്രത്യയശാസ്ത്രവും പദവിയും ഏതായിരുന്നാലും ആത്മാർത്ഥതയോടെയും പ്രതിബദ്ധതയോടെയും പ്രവർത്തിക്കുന്ന ആളുകൾക്ക് ഇത്തരക്കാർ തടസമാണ്.

എല്ലാം വിഴുങ്ങുന്ന ഈ കൂട്ടർ ഇപ്പോഴത്തെ കാലത്ത് സ്വയം വിളിക്കുന്നത് സാംസ്കാരിക മാർക്സിസ്റ്റുകൾ അഥവാ വോക്(ഉണർന്നവർ) എന്നാണ്. എന്നാൽ 1920കൾ മുതൽക്കേ അവർ മാർക്സിനെത്തന്നെ മറന്നു. വിവാഹം, സംസ്കാരം തുടങ്ങി ലോകത്തിന്റെ എല്ലാ നല്ല വ്യവസ്ഥകൾക്കും അവർ എതിരാണ്. ഒരു ചെറിയ കൂട്ടം ആളുകളാൽ നിയന്ത്രിക്കപ്പെടുന്ന ഇന്നത്തെ ലോകക്രമത്തിൽ അരാജകത്വത്തിനും അഴിഞ്ഞാട്ടത്തിനും പ്രചാരവും അംഗീകാരവും ലഭിക്കും. മാധ്യമങ്ങളെയും അക്കാദമികളെയും കൈയിലെടുത്ത് വിദ്യാഭ്യാസം, സാംസ്കാരികം, രാജനീതി തുടങ്ങി

സമാജത്തിലുടനീളം തെറ്റിദ്ധാരണയും ഭിന്നതയും സൃഷ്ടിക്കലാണ് ഇവരുടെ പ്രവർത്തനശൈലി. ഇത്തരം പരിസ്ഥിതിയിൽ വ്യാജവും വികലവും അതിശയോക്തി കലർന്നതുമായ വാർത്തകളിലൂടെ ജനങ്ങളിൽ ഭീതിയും തെറ്റിദ്ധാരണയും വിദ്വേഷവും അനായാസം പടരും. ആശയക്കുഴപ്പത്തിലും പരസ്പരം തർക്കവും മൂലം ദുർബലമാകുകയും തകരുകയും ചെയ്യുന്ന സമൂഹം എല്ലായിടത്തും വിധ്വംസക ശക്തികളുടെ ഇരകളായി മാറുന്നു. ഏതെങ്കിലും നാട്ടിൽ ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പവും പരസ്പരവിദ്വേഷവും സൃഷ്ടിക്കുന്ന ഇത്തരം പ്രവർത്തനത്തിന് നമ്മുടെ രാജ്യത്ത് പറയാറുള്ളത് അപവാദ പ്രചരണമെന്നോ ഗൂഢാലോചനയെന്നോ ഒക്കെയാണ്.

കക്ഷിരാഷ്ട്രീയത്തിലെ സ്വാർത്ഥവും മത്സരങ്ങളും കാരണം പരാജയപ്പെട്ട കക്ഷികൾ അനാവശ്യ ശക്തികളുമായി സഖ്യം ചേരുന്ന പ്രവണത അവിവേകമാണ്. സമാജം നേരത്തെതന്നെ ആത്മവിസ്മൃതി മൂലം പല പല ഭേദവിചാരങ്ങളിൽ കുടുങ്ങി സ്വാർത്ഥം, പരസ്പര മത്സരം, ഈർഷ്യ, ദ്വേഷം ഇതിലെല്ലാം അകപ്പെട്ടിരിക്കുന്നു. അതുകൊണ്ട് രാഷ്ട്രത്തെയും സമാജത്തെയും തകർക്കാൻ ആഗ്രഹിക്കുന്ന ആസുരിക ശക്തികൾക്ക് അകത്തുനിന്നും പുറത്തുനിന്നും പിന്തുണ ലഭിക്കുന്നു.

## മണിപ്പൂർ ഉയർത്തുന്ന ചോദ്യങ്ങൾ

മണിപ്പൂരിന്റെ ഇപ്പോഴത്തെ സ്ഥിതി കാണുമ്പോൾ ഇങ്ങനെ തോന്നുന്നു. ഒരു പതിറ്റാണ്ടായി ശാന്തമായിരുന്ന മണിപ്പൂരിൽ പൊടുന്നനെ എങ്ങനെയാണ് പരസ്പര വിഭജനത്തിന്റെ തീ ആളിപ്പടർന്നത്? കൊലയാളികളായ ആളുകൾ അതിർത്തി കടന്നെത്തിയ തീവ്രവാദികളാണോ? സ്വന്തം അസ്തിത്വത്തെക്കുറിച്ച ആശങ്കയിലായ മണിപ്പൂരി മൈതേയി സമാജത്തിനും കുക്കി സമാജത്തിനുമിടയിലെ സംഘർഷത്തെ വർഗീയവൽക്കരിക്കാനുള്ള ശ്രമം എന്തിന് ആര് ചെയ്തു? വർഷങ്ങളായി അവിടെ സമഭാവത്തോടെ സേവനം ചെയ്യുന്ന രാഷ്ട്രീയ സ്വയംസേവകസംഘം പോലുള്ള സംഘടനയെ ഒരു കാരണവുമില്ലാതെ ഇതിലേക്ക് വലിച്ചിടാൻ ശ്രമിച്ചതിന് പിന്നിൽ ആരുടെ സ്വാർത്ഥതയാണ്? അതിർത്തിപ്രദേശത്ത് നാഗഭൂമിക്കും മിസോറാമിനുമിടയിൽ സ്ഥിതി ചെയ്യുന്ന മണിപ്പൂരിൽ അശാന്തിയും അസ്ഥിരതയും സൃഷ്ടിക്കുന്നത് കൊണ്ട് ലാഭമുണ്ടാകുന്ന ഏതെങ്കിലും വിദേശ ഭരണകൂടത്തിന്റെ താത്പര്യങ്ങളിതിലുണ്ടോ? തെക്ക് കിഴക്കൻ ഏഷ്യയിൽ വർഷങ്ങളായുള്ള ഭൂ രാഷ്ട്രീയ പ്രശ്നങ്ങൾ ഇതിന് കാരണമായിട്ടുണ്ടോ? രാജ്യത്ത് ശക്തമായ ഭരണകൂടമുണ്ടായിട്ടും ആരുടെ ബലത്തിലാണ് ഇത്രയും കാലമായി അവിടെ സംഘർഷം തുടരുന്നത്? കഴിഞ്ഞ ഒമ്പത് വർഷമായി തുടരുന്ന സമാധാനം നിലനിർത്താൻ സംസ്ഥാനസർക്കാർ പരിശ്രമിച്ചിട്ടും കൊലപാതകം എന്തുകൊണ്ടാണ് തുടരുന്നത്? സംഘർഷത്തിലേർപ്പെട്ട വിഭാഗങ്ങൾ സമാധാനം ആഗ്രഹിക്കുകയും ആ ദിശയിൽ ഭാവാത്മകമായ ചില നടപടികൾ മുന്നോട്ടുവരികയും ചെയ്യുകയും ചെയ്യുമ്പോൾ അതിനെ തകർക്കും വിധം വിദ്വേഷവും അക്രമവും സൃഷ്ടിക്കുന്ന ശക്തികൾ ഏതാണ്? ഈ പ്രശ്നത്തിന്റെ പരിഹാരത്തിന് വിവിധ തരത്തിലുള്ള പരിശ്രമങ്ങൾ ആവശ്യമാണ്. ഇത് പരിഹരിക്കുന്നതിന് രാഷ്ട്രീയ ഇച്ഛാശക്തി, അതിനനുസൃതമായ സക്രിയ നടപടികൾ,

സാമർത്ഥ്യം എന്നിവയ്ക്കൊപ്പം ദൗർഭാഗ്യകരമായ സാഹചര്യങ്ങൾക്കിടയാക്കിയ സമാജങ്ങൾ തമ്മിലെ അവിശ്വാസം പരിഹരിക്കുന്നതിന് പ്രാപ്തമായ നേതൃത്വത്തിന്റെ പങ്ക് വളരെ വലുതാണ്. സംഘസ്വയംസേവകർ സമാജത്തിലുടനീളം എല്ലാവർക്കും സേവനം ചെയ്യുകയും സജ്ജനശക്തിയെ സംഘടിപ്പിച്ച് ശാന്തിക്കായി ആഹ്വാനം ചെയ്യുകയും ചെയ്യും. എല്ലാവരെയും സ്വന്തമെന്ന് കരുതി, കാര്യങ്ങൾ മനസിലാക്കി സുരക്ഷിതവും വ്യവസ്ഥിതവും സദ്ഭാവപൂർണവും ശാന്തവുമായ സാഹചര്യം സൃഷ്ടിക്കുന്നതിനായി സംഘം പ്രവർത്തിക്കുന്നു. ഭയങ്കരവും ആശങ്കാജനകവുമായ സാഹചര്യത്തിലും ശാന്തവും ധീരവുമായ മനസ്സോടെ എല്ലാത്തരത്തിലുള്ള സേവനപ്രവർത്തനങ്ങളും നിർവഹിക്കുന്ന സ്വയംസേവകരെ ഓർത്ത് അഭിമാനിക്കുന്നു.

## ഏകതയുടെ രഹസ്യം

പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം അപവാദപ്രചരണത്തിനുള്ള ശരിയായ പരിഹാരം രാഷ്ട്രത്തിന്റെ ഏകതയാണ്. ഏത് പരിസ്ഥിതിയിലും ഏകതയുടെ പ്രകാശം സമാജത്തിന്റെ വിവേകത്തിൽ ഉണർന്നിരിക്കേണ്ടതാണ്. ഭരണഘടനയിൽത്തന്നെ മാർഗദർശകതത്വമെന്ന നിലയിൽ ഭാവാത്മക ഏകതയെപ്പറ്റി എഴുതിയിട്ടുണ്ട്. ഓരോ ദേശത്തിലും ഈ ഏകതയെ പ്രകടമാക്കുന്ന പശ്ചാത്തലം വ്യത്യസ്തമാണ്. ചില ദേശങ്ങളിൽ അത് ഭാഷയാണ്. ചിലയിടത്ത് ദേശവാസികളുടെ വിശ്വാസമോ ആരാധനയോ ആണ്. ചിലയിടത്ത് വാണിജ്യഇടപെടലുകളാണ്, ചിലയിടത്ത് പ്രബലമായ ഭരണകൂട വ്യവസ്ഥിതിയാണ് ഏകതയുടെ നൂലായി പ്രവർത്തിക്കുന്നത്. എന്നാൽ മനുഷ്യനിർമ്മിതമായ കൃത്രിമ അടിസ്ഥാനങ്ങളിൽ, അല്ലെങ്കിൽ സമാനമായ സ്വാർത്ഥത്തിന്റെ ആധാരത്തിൽ സൃഷ്ടിക്കുന്ന ഏകത ശാശ്വതമല്ല. നമ്മുടെ രാജ്യത്ത് ഇത്രയും വിവിധതകളുണ്ടായിട്ടും ഒറ്റ രാഷ്ട്രമെന്ന നിലയിൽ കോർത്തിണക്കുന്ന അസ്തിത്വത്തെ ജനങ്ങൾ തിരിച്ചറിയാനും സമയമെടുക്കും. എന്നാൽ നമ്മുടെ ഈ ദേശം, ഒരു രാഷ്ട്രമെന്ന നിലയിൽ, ഒരു സമാജമെന്ന നിലയിൽ, ലോക ചരിത്രത്തിലുണ്ടായ എല്ലാ പ്രതിബന്ധങ്ങളെയും മറികടന്ന് ഭൂതകാലത്തിന്റെ ചരടിനാൽ ഇണക്കി അവിച്ഛിന്നമായ ബന്ധം നിലനിർത്തിക്കൊണ്ട് സജീവമായി നിലനില്ക്കുന്നു.

യൂനാന് മിസ്ര റോമാ സബ് മിട് ഗയേ ജഹാം സേ
അബ് തക് മഗർ ഹേ ബാകീ നാമോം നിശാം ഹമാരാ
കുഛ് ബാത് ഹേ കി ഹസ്തി മിട്തി നഹി ഹമാരി
സദിയോം രഹാ ഹേ ദുശ്മൻ ദൗരേം ജഹാം ഹമാരാ

(ഗ്രീക്കും ഈജിപ്തും റോമുമൊക്കെ നശിച്ച് നാമാവശേഷമായി. എന്നാൽ ഇപ്പോഴും നമ്മുടെ പേരും പെരുമയും ശേഷിക്കുന്നു. എത്രയെത്ര നൂറ്റാണ്ടുകളായി ശത്രുക്കളെത്രയോ പടയോട്ടം നടത്തി. എന്നിട്ടും നശിക്കാത്തതായി ചിലതുണ്ട് നമ്മുടേതായി)

ഭാരതത്തിന് പുറത്തുള്ള ജനത ആശ്ചര്യപ്പെട്ടേക്കാം, എന്നാൽ മനസുകളെ ആകർഷിക്കുന്ന ഈ ഏകാത്മകത നമ്മുടെ പാരമ്പര്യമാണ്. ഇതിന്റെ രഹസ്യമെന്താണ്? തീർച്ചയായും അത് സർവാശ്ലേഷിയായ നമ്മുടെ സംസ്

കാരമാണ്. പൂജ, പരമ്പര, ഭാഷ, ദേശം, ജാതി സമ്പ്രദായങ്ങൾ തുടങ്ങിയ ഭേദങ്ങളിൽ നിന്നെല്ലാം ഉയർന്ന് സ്വന്തം കുടുംബം മുതൽ വിശ്വകുടുംബം വരെ ആത്മീയതയുടെ അടിസ്ഥാനത്തിൽ വികസിക്കുന്ന നമ്മുടെ ജീവിത രീതിയാണത്. നമ്മുടെ പൂർവികർ സാംസ്കാരിക ഏകതയുടെ സത്യത്തെ സാക്ഷാത്കരിച്ചു. അതിന്റെ ഫലമായി ശരീരം, മനസ്, ബുദ്ധി എന്നിവയെ ഒരുപോലെ ഉയർത്തി, മൂന്നിനും സുഖം പകരുന്ന, അർത്ഥ, കാമങ്ങളെ സംയോജിപ്പിച്ച് മോക്ഷത്തിലേക്ക് നയിക്കുന്ന ധർമതത്വം അവർ പ്രാപ്തമാക്കി. ഇതിന്റെ ആധാരത്തിൽ സത്യം, കരുണ, ശുചിത്വം, തപസ് എന്നിങ്ങനെ ധർമ്മതത്വത്തിന്റെ നാല് ശാശ്വത മൂല്യങ്ങളെ മുൻനിർത്തിയുള്ള ആചരണത്തിലൂടെ സംസ്കൃതിയുടെ വികാസം സാധ്യമാക്കി. നാലു അതിർത്തികളും സുരക്ഷിതവും, സമൃദ്ധവുമായ നമ്മുടെ മാതൃഭൂമിയുടെ അന്നവും വായുവും ജലവും കാരണമാണിതുണ്ടായത്. ഇതുകൊണ്ടാണ് ഈ ഭാരതഭൂമി സംസ്കൃതിയുടെ അധിഷ്ഠാനദേവതയായി കണ്ട് നാം ഭക്തിപൂർവം പൂജിക്കുന്നത്.

ഈയടുത്ത് സ്വാതന്ത്ര്യലബ്ധിയുടെ എഴുപത്തഞ്ചാം വാർഷികവേളയിൽ ധീരരായ സ്വാതന്ത്ര്യസമരത്തിലെ മഹത്തുക്കളെ നാം അനുസ്മരിച്ചു. നമ്മുടെ ധർമ്മം, സംസ്കാരം, സമാജത്തിന്റെയും രാജ്യത്തിന്റെയും സംരക്ഷണം, സമയാസമയങ്ങളിൽ അവയിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി വൈഭവം വർധിപ്പിച്ച് നിലനിർത്തിയ പൂർവികർ നമ്മുടെ അഭിമാനമാണ്. അവരെ നമ്മൾ മാതൃകയാക്കേണ്ടതാണ്. ഭാഷാ, സംസ്ഥാനം, ആരാധനാരീതി, സമ്പ്രദായം, ജാതി, ഉപജാതി തുടങ്ങിയ എല്ലാ ഭേദങ്ങളെയും ഒറ്റ ചരടിൽ കോർത്തിണക്കി രാഷ്ട്രസ്വരൂപത്തിൽ ഉയർത്തി നിർത്തുന്നത് ഈ മൂന്ന് ഘടകങ്ങളാണ്. മാതൃഭൂമിയോടുള്ള ഭക്തി, പൂർവികരിലുള്ള അഭിമാനം, സമാന സംസ്കൃതി എന്നിവയാണ് രാഷ്ട്രഏകതയുടെ പൊട്ടാത്ത ചരട്.

സമാജത്തിന്റെ ശാശ്വതമായ ഐക്യം ഉടലെടുക്കുന്നത് സ്വന്തമെന്ന ഭാവത്തിൽ നിന്നാണ്, വ്യക്തിഗത ഇടപാടുകളിൽ നിന്നല്ല. നമ്മുടെ സമാജം വളരെ വലുതാണ്. ധാരാളം വിവിധതകൾ നിറഞ്ഞതാണ്.കാലക്രമത്തിൽ കുറച്ച് വിദേശ അക്രമങ്ങളുടെ പരമ്പരകളും നമ്മുടെ ഇടയിലെത്തി. എന്നിട്ടും നാം ഈ മൂന്ന് ഘടകങ്ങളുടെ ആധാരത്തിൽ ഒറ്റ രാഷ്ട്രമായി നിലകൊണ്ടു. അതുകൊണ്ടുതന്നെ ഏകതയെ കുറിച്ച് എപ്പോൾ ചർച്ച ചെയ്യുമ്പോഴും അത് എന്തെങ്കിലും കൊടുക്കൽ വാങ്ങലുകൾ കൊണ്ട് ഉണ്ടായതല്ല എന്ന് മനസ്സിലാക്കണം. ബലപ്രയോഗത്തിലൂടെ ആണ് അത് ഉണ്ടായതെങ്കിൽ വീണ്ടും വീണ്ടും തകർന്നേനെ. ഇന്നത്തെ അന്തരീക്ഷത്തിൽ സമാജത്തിൽ ചേരിതിരിവ് ഉണ്ടാക്കാനുള്ള പരിശ്രമങ്ങൾ കണ്ട് സ്വാഭാവികമായും നിരവധി ആളുകളിൽ ആശങ്കയുണ്ട്. മുസ്ലീം, ക്രിസ്ത്യൻ എന്ന് പറയുംപോലെ ആരാധനാക്രമം കൊണ്ട് ഹിന്ദുക്കളായ സജ്ജനങ്ങളുമുണ്ട്. അക്രമത്തിനും സംഘർഷത്തിനും ഒന്നുംപോകാതെ അനുരഞ്ജനത്തിലും സുരക്ഷിതത്വത്തിലും സമാധാനത്തിലും പോകുന്നതാണ് നല്ലതെന്ന് കരുതുന്നവർ. ഇത്തരം ചർച്ചകൾക്കിടെ ആദ്യം മനസിലാക്കേണ്ട കാര്യം ഒരു ഭൂമിയിൽ വന്ന് ഒരുമിച്ച് ചേർന്നവരായതുകൊണ്ടല്ല നമ്മൾ ഒന്നാണെന്ന് പറയുന്നത് എന്നതാണ്. നമ്മൾ ഒരേ പൂർവികരുടെ വംശക്കാരാണ്. ഒരേ മാതൃഭൂമിയുടെ മക്കളാണ്. ഒരേ സംസ്കൃതിയുടെ പിൻതുടർച്ചക്കാരാണ്. ഏകതയുടെ ഈ അടിസ്ഥാനത്തെ തിരിച്ചറിഞ്ഞ് അതിന്റെ ആധാരത്തിൽ വീണ്ടും നമ്മൾ ഒന്നാകണം.

നമുക്കിടയിൽ പ്രശ്നങ്ങളില്ലെന്നാണോ? നമ്മുടെ സ്വന്തം വികാസത്തി

ന് ആഗ്രഹം ആവശ്യമില്ലെന്നാണോ? ആ വികാസത്തിനായി നമ്മൾ പരസ്പരം മത്സരിക്കുന്നില്ലെന്നാണോ? എല്ലാ ജനങ്ങളും മനസാ വാചാ കർമ്മണാ ഏകാത്മകതയുടെ ആ ആധാരത്തെ മനസിലാക്കി പെരുമാറുന്നു എന്നാണോ? ഇങ്ങനെയൊന്നുമല്ലെന്ന് എല്ലാവർക്കും അറിയാം. എന്നാൽ ആദ്യം പ്രശ്നങ്ങളെല്ലാം പരിഹരിച്ചിട്ട്, സമാധാനമുണ്ടാക്കിയിട്ട് ഏകതയെക്കുറിച്ച് സംസാരിക്കാം എന്ന് ഒരുമ ആഗ്രഹിക്കുന്നവർ തൃപ്തരാകില്ല. ഇതെല്ലാം മനസിലാക്കി നാമോരുത്തരും അവരവരുടെ കാഴ്ചപ്പാടിലും പെരുമാറ്റത്തിലും തുടക്കമിട്ടാൽ പ്രശ്നങ്ങൾക്ക് പരിഹാരമാകും. അവിടെയും ഇവിടെയുമുണ്ടാകുന്ന പ്രശ്നങ്ങളിൽ ചഞ്ചലിതരാകാതെ ശാന്തമായി സംയമത്തോടെ പ്രവർത്തിക്കേണ്ടിവരും. പ്രശ്നങ്ങൾ വാസ്തവമാണ്. എന്നാലത് ഏതെങ്കിലും ഒരു ജാതിയുടെയോ വർഗത്തിന്റെയോ മാത്രമല്ല. അവ പരിഹരിക്കുന്നതിനുള്ള പരിശ്രമത്തോടൊപ്പം ആത്മീയതയുടെയും ഏകതയുടെയും മാനസികാവസ്ഥയും വളരണം. ഇരയുടേതായ മാനസികാവസ്ഥ, പരസ്പരമുള്ള അവിശ്വാസം തുടങ്ങിയ വിഷയങ്ങളെ കക്ഷിരാഷ്ട്രീയമത്സരങ്ങളുടെ തന്ത്രങ്ങളിൽ നിന്ന് വേറിട്ട് കാണണം. ഇത്തരം കാര്യങ്ങളിൽ രാഷ്ട്രീയം ഒരു തടസമാവുകയേ ഉള്ളൂ. ഇതിൽ കീഴടങ്ങലിന്റെയോ നിർബന്ധത്തിന്റെയോ പ്രശ്നങ്ങളില്ല. യുദ്ധംചെയ്യുന്ന രണ്ട് കക്ഷികൾ തമ്മിലുള്ള വെടിനിർത്തലുമല്ല. ഭാരതത്തിന്റെ സകല വിവിധതകളെയും കോർത്തിണക്കുന്ന ഏകതയുടെ ചരടിനെ മനസിലാക്കി അതിനെ സ്വന്തം ജീവിതത്തിൽ ആവിഷ്കരിക്കുന്നതിനുള്ള ആഹ്വാനമാണ്. എഴുപത്തഞ്ചാണ്ട് പിന്നിട്ട സ്വതന്ത്രഭാരതത്തിന്റെ ഭരണഘടന നമുക്ക് കാട്ടിത്തന്നത് ഈ ദിശയാണ്. ഭരണഘടനയെ അവതരിപ്പിച്ചുകൊണ്ട് പൂജ്യ ഡോ. ബാബാസാഹേബ് അംബേഡ്കർ ഭരണഘടനാ സഭയിൽ ചെയ്ത രണ്ട് പ്രസംഗങ്ങൾ ശ്രദ്ധിച്ചാൽ നമുക്കീ കാര്യം മനസിലാകും.

ഇത് പെട്ടന്ന് ചെയ്യേണ്ടുന്ന ഒരു കാര്യമല്ല. പുരാതനമായ സംഘർഷങ്ങളുടെ കയ്പ് നിറഞ്ഞ ഓർമ്മകൾ ഇപ്പോഴും സമാജമനസ്സിലുണ്ട്. വിഭജനത്തിന്റെ ദാരുണമായ ദുരന്തം സൃഷ്ടിച്ച മുറിവുകൾ ആഴത്തിലുണ്ട്. അതിന്റെ ഫലമായുണ്ടായ ക്ഷോഭം വാക്കിലും പെരുമാറ്റത്തിലും പ്രകടമാകും. ഒരാൾക്ക് മറ്റൊരാളുടെ സ്ഥലത്ത് താമസിക്കാൻ ഇടം നിഷേധിക്കുന്നതുമുതൽ ഉയർന്നവരെന്നും താഴ്ന്നവരെന്നുമൊക്കെയുള്ള തിരസ്കാരത്തിന്റെ വ്യവഹാരങ്ങൾ വരെ കയ്പുള്ള അനുഭവങ്ങളുണ്ട്. കൊലപാതകം, കലാപം, പീഡനം തുടങ്ങിയവയുടെ ദോഷങ്ങൾ പരസ്പരമുള്ള പെരുമാറ്റത്തിൽ നിഴലിക്കാറുണ്ട്. ചിലർ ചെയ്യുന്ന കാര്യങ്ങൾ ആ സമാജം മുഴുവനും ചെയ്യുന്നതാണ് എന്ന തരത്തിലുള്ള വർത്തമാനവും ചിന്തകളും ഒഴിവാക്കണം. അങ്ങോട്ടുമിങ്ങോട്ടും വെല്ലുവിളിച്ചാൽ അവ ഓർമ്മകളിൽ അവശേഷിക്കുകയേ ഉള്ളൂ.

## ടൂൾ കിറ്റുകളിൽ കുടുങ്ങരുത്

നമ്മളോട് യുദ്ധം ചെയ്ത് രാജ്യത്തെ തകർക്കാൻ ആഗ്രഹിക്കുന്ന ശക്തികളാവും ഇത് പരമാവധി മുതലെടുക്കുക. ചെറിയ ചെറിയ സംഭവങ്ങളെ പെരുപ്പിച്ച് കാട്ടി പ്രചരിപ്പിക്കുന്നു. രാജ്യത്തിനകത്തുനിന്നും വിദേശത്തുനിന്നും ആശങ്കയും മുന്നറിയിപ്പും പ്രകടമാക്കുന്ന പ്രസ്താവനകൾ സംഘടിപ്പിക്കുന്നു, അക്രമത്തെ പ്രേരിപ്പിക്കുന്ന 'ടൂൾകിറ്റുകൾ' സജീവമാക്കി

പരസ്പരം അവിശ്വാസവും വിദ്വേഷവും വർധിപ്പിക്കുന്നു.

സമാജത്തിൽ സമരസത ആഗ്രഹിക്കുന്ന എല്ലാവരും ഇത്തരം മരണക്കളികൾ സൃഷ്ടിക്കുന്ന തെറ്റിദ്ധാരണകളിൽ നിന്ന് രക്ഷപ്പെടണം. ഈ പ്രശ്നങ്ങളുടെയെല്ലാം കാരണം പതുക്കെ പതുക്കെ പുറത്തുവരും. അതിനായി രാജ്യത്ത് വിശ്വാസത്തിന്റെയും സൗഹാർദത്തിന്റെയും അന്തരീക്ഷം ശക്തമാകണം. നമ്മുടെ മനസിനെ സ്ഥിരമാക്കി, ആത്മവിശ്വാസത്തോടെ പരസ്പരം സംവാദത്തിലേർപ്പെടണം, പരസ്പരം മനസിലാക്കണം. പരസ്പരം ബഹുമാനിക്കണം, എല്ലാവരും തമ്മിലുള്ള ബന്ധം ദൃഢമാകണം. മനസാ വാചാ കർമണാ ഇങ്ങനെ മുന്നോട്ടുപോകണം. പ്രചരണങ്ങളുടെയോ ധാരണകളുടെയോ അടിസ്ഥാനത്തിലല്ല, വസ്തുതകളെ മനസിലാക്കി പ്രവർത്തിക്കണം. ധൈര്യത്തോടെ, സംയമനത്തോടെ, സഹിഷ്ണുതയോടെ, വാക്കിലും പ്രവർത്തിയിലും തീവ്രതയും ക്രോധവും ഭയവും ഉപേക്ഷിച്ച്, ദൃഢതയോടെ സങ്കല്പ ബദ്ധരായി സുദീർഘമായി നിരന്തരം പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. ശുദ്ധമായ മനസിൽ നിന്ന് എടുക്കുന്ന സത് സങ്കല്പങ്ങളാണ് പൂർണമാവുക.

ഏത് സാഹചര്യത്തിലും, എത്ര അന്യായമായാലും, ക്രമസമാധാനവും അച്ചടക്കവും ഭരണഘടനയും നിർബന്ധമായും പാലിക്കണം. ഒരു സ്വതന്ത്ര രാഷ്ട്രത്തിൽ ഈ പെരുമാറ്റം ദേശസ്നേഹത്തിന്റെ പ്രകടനമാണ്. മാധ്യമങ്ങൾ നടത്തുന്ന പ്രകോപനപരമായ പ്രചാരണങ്ങളിലും തുടർന്നുയരുന്ന ആരോപണ, പ്രത്യാരോപണങ്ങളുടെ മത്സരങ്ങളിലും കുടുങ്ങരുത്. സമാജത്തിൽ സത്യവും ആത്മീയതയും പ്രചരിപ്പിക്കാൻ മാധ്യമങ്ങളെ പ്രയോജനപ്പെടുത്തണം. കൊലപാതകങ്ങളും ഗുണ്ടായിസവും അവസാനിപ്പിച്ച്, നിയമങ്ങളെയും ഭരണഘടനയെയും സമാജത്തെയും സംരക്ഷിക്കുന്നതിന് ആദ്യം ചെയ്യേണ്ടത് അതിനായുള്ള സർക്കാരിന്റെ ഉചിതമായ നടപടികളോട് സഹകരിക്കുക എന്നതാണ്.

## നമുക്ക് ചെയ്യാനുള്ളത്

2024 ന്റെ ആദ്യ നാളുകളിൽത്തന്നെ ലോക്സഭാ തെരഞ്ഞെടുപ്പ് ഉണ്ട്. വികാരങ്ങൾ ആളിക്കത്തിച്ചുകൊണ്ട് വോട്ട് കൊയ്തെടുക്കാനുള്ള ശ്രമങ്ങൾ തെരഞ്ഞെടുപ്പിൽ പ്രതീക്ഷിക്കുന്നില്ലെങ്കിലും അത് നടന്നുകൊണ്ടിരിക്കുന്നു. സമൂഹത്തെ ഭിന്നിപ്പിക്കുന്ന ഇത്തരം കാര്യങ്ങളിൽ നിന്ന് നമുക്ക് ഒഴിവാകാം. വോട്ട് ചെയ്യുന്നത് ഓരോ പൗരന്റെയും കടമയാണ്. അത് പാലിക്കണം. രാജ്യത്തിന്റെ ഐക്യം, അഖണ്ഡത, അസ്മിത, വികസനം തുടങ്ങിയ വിഷയങ്ങൾ പരിഗണിച്ച് വോട്ട് രേഖപ്പെടുത്തുക.

2025 – 2026ൽ സംഘം നൂറ് വർഷം പൂർത്തിയാക്കുകയാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ സംഘപ്രവർത്തകർ മുന്നോട്ടുപോകണം. സമാജത്തിന്റെയാകെ പെരുമാറ്റത്തിലും സംസാരത്തിലും ദേശത്തോടുള്ള മമതാഭാവം നിറയണം. ക്ഷേത്രം, വെള്ളം, ശ്മശാനം തുടങ്ങി ഭേദഭാവം ഇനിയും എവിടെയെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ അത് സമ്പൂർണമായും അവസാനിപ്പിക്കണം.

കുടുംബത്തിലെ എല്ലാ അംഗങ്ങളിലും ശുഭകാര്യങ്ങൾ നിത്യവും സംസാരിക്കുന്നതിന്റെ(നിത്യമംഗളസംവാദം), സംസ്കാരം നിറഞ്ഞ പെരുമാറ്റത്തിന്റെ സംഭാഷണത്തിന്റെ ശീലം വളർത്തി സമൂഹത്തെ സേവിക്കുന്നത് തുടരണം. ജലം സംരക്ഷിച്ച്, പ്ലാസ്റ്റിക് വിമുക്തമാക്കി, നമ്മുടെ മുറ്റങ്ങളിൽ

പച്ചപ്പ് നിറച്ച് പ്രകൃതിയുമായുള്ള ബന്ധം ശക്തമാക്കണം. സ്വദേശി ആചരണത്തിലൂടെ സ്വ നിർഭരതയും സ്വാവലംബനവും വളർത്തണം. ധൂർത്ത് അവസാനിപ്പിക്കണം. രാജ്യത്ത് തൊഴിൽ അവസരങ്ങൾ വർധിക്കുകയും നമ്മുടെ സമ്പത്ത് രാജ്യത്തിനുള്ളിൽത്തന്നെ വിനിയോഗിക്കുകയും വേണം. ഇതിനായി സ്വദേശി ആചരണം വീടിനുള്ളിൽനിന്ന് ആരംഭിക്കണം. നിയമങ്ങളും പൗരധർമ്മവും പാലിക്കുകയും സമാജത്തിൽ പരസ്പര സൗഹാർദ്ദം ഉണ്ടാകുകയും വേണം. ഒപ്പം സഹകരണ മനോഭാവം എല്ലായിടത്തും വ്യാപകമാകണം. ഈ അഞ്ച് കാര്യങ്ങൾ എല്ലാവരുടെയും ആചരണത്തിലുണ്ടാകണം. എന്നാൽ ഇതിന് പരിശീലനം ആവശ്യമാണ്. ചെറിയ ചെറിയ കാര്യങ്ങളിൽ തുടങ്ങി, തുടർച്ചയായ അഭ്യാസത്തിലൂടെ ഈ ആചരണങ്ങൾ നമ്മുടെ ശീലമായി മാറണം. സമാജത്തിൽ കുറവുകളനുഭവിക്കുന്ന ബന്ധുജനങ്ങളെ സേവിക്കുന്നതിനൊപ്പം തന്നെ വരുന്ന ദിവസങ്ങളിൽ സംഘത്തിന്റെ പ്രവർത്തകർ ഈ അഞ്ച് കാര്യങ്ങളും ആദ്യം സ്വയം ആചരിച്ചുകൊണ്ട് സമാജത്തെ അതിൽ പങ്കാളികളാക്കാൻ പരിശ്രമിക്കും. ഭരണകൂടവും സമാജത്തിലെ സജ്ജനങ്ങളും സമാജഹിതത്തിനായി ചെയ്യുന്ന, ചെയ്യാൻ ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളിലും സംഘപ്രവർത്തകരുടെ പങ്കാളിത്തം എപ്പോഴുമുണ്ടാകും.

സമാജത്തിന്റെ ഏകത, പുരോഗതി, എല്ലാ ദിശകളിലുമുള്ള നിസ്വാർത്ഥമായ പരിശ്രമം, ജനഹിതത്തിനായുള്ള സർക്കാർ, ജനോന്മുഖമായ ഭരണം, തനിമയുടെ അടിസ്ഥാനത്തിലുള്ള ഉയർച്ച , ഒരുമിച്ച് ചേർന്നുള്ള പ്രയത്നം ഇതിലൂടെയാണ് രാഷ്ട്രത്തിന്റെ ബലവും വൈഭവവും ഫലപ്രാപ്തിയിലെത്തുക. ശക്തി കൊണ്ടും വൈഭവം കൊണ്ടും സമ്പന്നമായ രാഷ്ട്രത്തോടൊപ്പം കുടുംബത്തെ മാനിക്കുന്ന, ഇരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കുന്ന, അസത്തിൽ നിന്ന് സത്തിലേക്ക് ഉയർത്തുന്ന, മർത്ത്യജീവിതത്തെ സാർത്ഥകമാക്കുന്ന, അമൃതജീവിതത്തിലേക്ക് നയിക്കുന്ന നമ്മുടെ സനാതന സംസ്കൃതി കൂടി ചേരുമ്പോൾ രാഷ്ട്രം ലോകത്തിന്റെ നഷ്ടപ്പെട്ട സന്തുലിതാവസ്ഥ തിരികെ കൊണ്ടുവരികയും വിശ്വമാകെ സുഖശാന്തിമയമായ പുതുജീവിതത്തിന്റെ വരദാനം പ്രദാനം ചെയ്യുന്നു. ആധുനിക കാലത്ത് നമ്മുടെ അനശ്വര രാഷ്ട്രത്തിന്റെ നവോത്ഥാനത്തിന്റെ ലക്ഷ്യം ഇതാണ്.

ചക്രവർത്തിയോം കി സന്താൻ,
ലേകർ ജഗത്ഗുരു കാ ജ്ഞാൻ
ബഢേ ചലേ തോ അരുൺ വിഹാൻ
കർനേ കോ ആയേ അഭിഷേക്
പ്രശ്ന് ബഹുത് ഹേ ഉത്തർ ഏക്

(ജഗദ്ഗുരുവിന്റെ അറിവ് പേറുന്ന ചക്രവർത്തിയുടെ മക്കൾ നമ്മൾ മുന്നോട്ടുപോയാൽ അരുണവർണമാർന്ന ഉദയമെത്തും അഭിഷേകം നടത്താൻ. പല ചോദ്യങ്ങളിൽ നിന്ന് ഒരേയൊരുത്തരത്തിലേക്ക്)

**ഭാരത് മാതാ കി ജയ്**



# സംഘത്തിന്റെ ചുമതല വ്യക്തിനിർമ്മാണം മാത്രം

**കേസരി വാരികയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന അമൃതശതം പ്രഭാഷണ പരമ്പരയിൽ ഒക്ടോബർ 7ന് 'രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ സംഘടനാ ശാസ്ത്രം' എന്ന വിഷയത്തെ കുറിച്ച് പൂജനീയ സർസംഘചാലക് ഡോ.മോഹൻ ഭാഗവത് നടത്തിയ പ്രഭാഷണം.**

ഇവിടെ എന്നോട് ഇംഗ്ലീഷിൽ സംസാരിക്കണം എന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇംഗ്ലീഷ് മനോഹരമായ ഭാഷയാണ്. പക്ഷെ അതെന്റെ മാതൃഭാഷയല്ല, മാത്രവുമല്ല ഭാരതീയതയെക്കുറിച്ച് പൂർണ്ണമായും വിശദീകരിക്കാൻ ഇംഗ്ലീഷ് ഭാഷയ്ക്ക് പരിമിതികളുണ്ട്. എങ്കിലും ഞാൻ ശ്രമിക്കുകയാണ്.

നമ്മുടെ ഇന്നത്തെ വിഷയം, രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ സംഘടനാ ശാസ്ത്രം എന്നതാണല്ലോ. സംഘം ഹിന്ദുസമാജത്തെ സംഘടിപ്പിക്കുന്ന സംഘടനയാണെന്ന് നമുക്കറിയാം.

അപ്പോൾ, എന്തുകൊണ്ട് ഹിന്ദു എന്ന ചോദ്യം സ്വാഭാവികമായി ഉയരും. സംഘം ഹിന്ദുസമാജത്തെ സംഘടിപ്പിക്കുന്നത് നമ്മളെല്ലാം ഹിന്ദുക്കളായതുകൊണ്ടാണ് എന്നാണ് അതിനുള്ള ഉത്തരം. നമുക്ക് നമ്മുടേതായ ഭാഷകളും ജീവിതരീതികളും, ഭക്ഷണക്രമങ്ങളും, ജാതികളും ഉപജാതികളും മതങ്ങളും വിശ്വാസങ്ങളുമെല്ലാമുണ്ട്. പക്ഷേ ലോകത്തൊരിടത്തും ഇത്രയേറെ വൈവിധ്യങ്ങൾ ഒരുമിച്ചുപോകുന്നത് നമുക്ക് കാണാനാവില്ല. മറ്റെല്ലായിടത്തും അവർക്ക് പരമാവധി ചെയ്യാവുന്ന കാര്യം കുറച്ചു കാലത്തേക്ക് പരസ്പരം സമരസതയോടെ കഴിയാം എന്നതാണ്. എന്നാൽ ഭാരതീയർക്ക് ഇത് ജീവിതരീതി തന്നെയാണ്.

ജനം ബിഭ്രതീ ബഹുധാ വിവാചസം
നാനാ ധർമ്മാണം പൃഥിവീ യഥൗകസം
സഹസ്രം ധാരാ ദ്രവിണസ്യ മേ ദുഹാം
ധ്രുവേവ ധേ്യനുരപസ്ഫുരന്തീ
(അഥർവ്വ വേദം 12:1:45)

വിവിധ ജനവിഭാഗങ്ങൾ പല ഭാഷകൾ സംസാരിക്കുന്നു, വിവിധ ധർമ്മങ്ങൾ ആചരിക്കുന്നു. എങ്കിലും ഈ ഭൂമി എല്ലാവരെയും ഉൾക്കൊള്ളുന്നു. എല്ലാവർക്കും എല്ലാം നൽകുന്നു.  ഈ ജീവിതരീതിയെ ആണ് ആധുനികകാലത്ത് ഹിന്ദുത്വം എന്ന് പറയുന്നത്. നമ്മുടെ മതങ്ങൾ വ്യത്യസ്തമാണ്, ജാതികൾ വ്യത്യസ്തമാണ്, ഭക്ഷണം വ്യത്യസ്തമാണ്, നാം ജീവിക്കുന്ന ഭൂപ്രകൃതികൾ വ്യത്യസ്തമാണ്. അങ്ങനെ എല്ലാം വ്യത്യസ്തമായിരിക്കുമ്പോഴും ചരിത്രാതീതകാലത്തിനു പിന്നിൽ നിന്നുതന്നെ നാമെല്ലാവരും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. കാലത്തിന്റെ ഒഴുക്കിൽ ഈ വൈവിധ്യം കൂടുന്നു. ഒരു ഭാഷ പല ഭാഷകളാകുന്നു അങ്ങനെ പലതും. എങ്കിലും നാം ഒന്നായിത്തന്നെ തുടരുന്നു. എന്തുകൊണ്ട്?കാരണം, ഇതാണ് നമ്മുടെ സംസ്കാരം, ഇതാണ് നമ്മുടെ സംസ്കൃതി.ഈ ഭൂമി എല്ലാ വൈവിധ്യങ്ങളെയും ഉൾക്കൊള്ളുന്നു, എന്തിനെയും സ്വീകരിക്കുന്നു. എല്ലാവരെയും ബഹുമാനിക്കുന്നു. അതുകൊണ്ടുതന്നെ ഈ ഭൂമിയെ നാം അമ്മ എന്ന് വിളിക്കുന്നു. ആ അമ്മയെ നാം ആരാധിക്കുന്നു. ഇപ്പറഞ്ഞ ദേശഭക്തി എന്നത്  എല്ലാ മതങ്ങളിലും ജാതികളിലും ഒരേപോലെയാണ്.

ആധുനിക പഠനങ്ങൾ ആധികാരികമായി പറയുന്നു, നാല്പതിനായിരം വർഷങ്ങളായി നാം ഒരേ സംസ്കൃതിയുടെ ഭാഗമാണ്, നമ്മുടെ ഡിഎൻഎ ഒന്നാണ് എന്ന്.അതായത്, നമ്മൾ ഒരു ജനതയാണ്, ഇത് നമ്മുടെ മാതൃഭൂമിയാണ്.നമ്മൾ വളർന്നത് ഒരേ സംസ്കാരത്തിലാണ്. നമ്മുടെ മതവിശ്വാസങ്ങൾ വ്യത്യസ്തമായിരിക്കാം. ഭാരതവും ലോകത്തെ മറ്റുള്ള സംസ്കാരങ്ങളും തമ്മിലുള്ള വ്യത്യാസം ഇതാണ്. നമ്മുടെ മതങ്ങൾ എന്തുതന്നെയായാലും ഇത് എവിടെയും വ്യക്തമായി കാണാൻ സാധിക്കും.അതാണ് ഹിന്ദുത്വം. അതാണ് ഹിന്ദുസമാജത്തിന്റെ സഹജഭാവം. ഹിന്ദുസമാജത്തെ സംഘടിപ്പിക്കണം എന്ന് പറയുന്നത് എന്തുകൊണ്ടെന്നാൽ ഹിന്ദുസമാജത്തിന്റെ പുരോഗതി എന്നത് രാഷ്ട്രത്തിന്റെ തന്നെ പുരോഗതിയാണ്. ഒരു രാഷ്ട്രം പുരോഗതി പ്രാപിക്കുകയും ശക്തിശാലിയാകുകയും ചെയ്യുമ്പോൾ അത് സ്വാഭാവികമായി മറ്റ് രാജ്യങ്ങളുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കും. പക്ഷെ ഭാരതത്തെ സംബന്ധിച്ചിടത്തോളം ഒരിക്കലും അങ്ങനെ സംഭവിച്ചിട്ടില്ല.

സൈനികമായും സാമ്പത്തികമായും ഒരുകാലത്ത് നാം ലോകത്തിലെ ഒന്നാമത്തെ രാഷ്ട്രമായിരുന്നു. നമ്മുടെ പൂർവ്വികർ മെക്സിക്കോ

മുതൽ സൈബീരിയ വരെ എത്തിയിരുന്നു. പക്ഷെ ഒരിടത്തും അധിനിവേശം നടത്താനോ, മതപരിവർത്തനം നടത്താനോ നാം തുനിഞ്ഞിട്ടില്ല. ഒരു നാടിന്റെ സ്വാഭാവികതയെ മാറ്റിമറിക്കാനോ ഇല്ലാതാക്കാനോ നാം ശ്രമിച്ചിട്ടില്ല. എന്നാൽ അവിടെ എന്തെങ്കിലും കുറവുകൾ ഉണ്ടായിരുന്നെങ്കിൽ അവ നികത്തുകയും അവയെ പരിഹരിക്കുകയും ചെയ്യുകയാണ് അവർ ചെയ്തത്. നമ്മുടെ രീതി അതാണ്. അടൽ ബിഹാരി വാജ്പേയി തന്റെ ഒരു കവിതയിൽ പറയുന്നത് ഇങ്ങനെയാണ്: 'നാം ഒരിക്കലും ഭൂമി കീഴടക്കിയിട്ടില്ല പകരം ഹൃദയങ്ങളാണ് കവർന്നത്'.

പക്ഷേ ലോകത്തിന് ഈ മൂല്യങ്ങൾ നൽകണമെങ്കിൽ നമ്മൾ അഭിവൃദ്ധി പ്രാപിക്കേണ്ടതുണ്ട്.ലോകത്തിലെ മറ്റു വീക്ഷണങ്ങൾക്ക് വലിയൊരു പ്രശ്നമുണ്ട്. ശരീരവും ബുദ്ധിയും മനസ്സും തമ്മിൽ പരസ്പരബന്ധമില്ലാത്ത കാഴ്ചപ്പാടുകളാണ് അവിടെയുള്ളത്. നിങ്ങൾക്ക് സമ്പത്തുണ്ടാക്കണമെങ്കിൽ നി ങ്ങളുടേതായ പലതും മറക്കേണ്ടി വരും, നിങ്ങൾക്ക് അപമാനങ്ങൾ സഹിക്കേണ്ടി വരും. നിങ്ങളുടെ മനസ്സിനെ പിന്നിലേക്ക് നിർത്തി ഫലങ്ങളെപ്പറ്റി മാത്രം ചിന്തിക്കേണ്ടി വരും. എങ്കിൽ മാത്രമേ നിങ്ങൾക്ക് സമ്പാദിക്കാൻ സാധിക്കൂ. അപമാനങ്ങളെ നേരിടാതെ അഭിമാനത്തോടെ ജീവിക്കണമെങ്കിൽ നിങ്ങൾ കടുത്ത സാമ്പത്തികപ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടി വരും. അതായത്, ഭൗതികസുഖങ്ങളെ മാത്രമാണ് ആഗ്രഹിക്കുന്നതെങ്കിൽ നിങ്ങളുടെ മനസ്സും ബുദ്ധിയും എല്ലാം നഷ്ടപ്പെടും.എന്തുകൊണ്ടെന്നാൽ അവയ്ക്ക് പരസ്പരബന്ധമില്ല.

എന്തുകൊണ്ട് ഇതെല്ലാം ഒരുമിച്ചുകൊണ്ടുപോകാൻ കഴിയുന്നില്ല, എങ്ങനെ നമ്മുടെ ജീവിതത്തോടൊപ്പം ആത്മസാക്ഷാത്കാരത്തിലേക്കു കൂടി എത്താൻ സാധിക്കും? അവിടെയാണ് ധർമ്മം, അർഥം, കാമം, മോക്ഷം എന്ന ഭാരതീയ സങ്കല്പങ്ങളുടെ പ്രസക്തി. ഇവയെല്ലാം പരസ്പരപൂരകമാകാത്തതാണ് വിദേശ കാഴ്ചപ്പാടുകളുടെ പ്രശ്നം. കഠിന തപസ്യയിലൂടെ നമ്മുടെ പൂർവ്വികർ ഇവ തമ്മിലുള്ള ബന്ധത്തെ തിരിച്ചറിഞ്ഞിരുന്നു.സ്വത്വം ഒന്നുതന്നെയാണ് എന്നതുകൊണ്ടുതന്നെ ഇവയെല്ലാം പരസ്പരബന്ധിതമാണ് എന്ന് അവർ നമുക്ക് പറഞ്ഞുതന്നു.അതുകൊണ്ട് ധാരണകളല്ല പകരം പരസ്പരബന്ധമാണുള്ളത്. എനിക്ക് ഇത്ര തന്നാൽ നിനക്ക് ഞാൻ ഇന്നത് തരാം എന്നതല്ല യഥാർത്ഥ ജീവിതരീതി. ഞാൻ ഈ സമൂഹത്തിന്റെ ഭാഗമാണ്,പ്രകൃതിയുടെ ഭാഗമാണ്, ഈ ലോകത്തിന്റെ ഭാഗമാണ്. ഇവിടേക്ക് നമുക്ക് അധിനിവേശം നടത്താൻ കഴിയില്ല, നമുക്ക് ഇവിടെ സമരസപ്പെട്ട് ജീവിക്കുകയാണ് വേണ്ടത്, നമുക്ക് വേണ്ടത് ഇവിടെ നിന്നാണ് ലഭിക്കുന്നത്. അതുകൊണ്ട് ഈ സമൂഹത്തിനു വേണ്ടത്. നാം തിരിച്ചും നൽകണം. അത് നമുക്ക് നന്നായറിയാം. ഇന്നത്തെ ലോകത്തിനു വേണ്ടതും ഈ കാഴ്ചപ്പാടാണ്.

ഇപ്പോൾ കഴിഞ്ഞ ജി 20 ഉച്ചകോടിയിൽ എല്ലാവരും സ്വീകരിച്ച കാഴ്ചപ്പാടാണ് വസുധൈവ കുടുംബകം എന്നത്. ആഗോള കമ്പോളത്തെ നന്നായി അറിയാവുന്ന അവർക്ക് ആഗോള കുടുംബം എന്നത് പുതിയ അറിവാണ്. അവർ അത് തീർച്ചയായും കേട്ടിട്ടുണ്ടാകും, അറിഞ്ഞിട്ടുണ്ടാകും. പക്ഷെ അവർ ആരും തന്നെ മൂവായിരം വർഷത്തോളം ഈ കാഴ്ചപ്പാടിൽ ജീവിച്ചിട്ടില്ല. അതാണ് നമ്മൾ ചെയ്തത്. നമുക്ക് ജീവിക്കണം, ജീവിച്ച് അഭിവൃദ്ധി പ്രാപിക്കണം. ആ അഭിവൃദ്ധി ലോകത്തിനു നൽകണം. അതായത്, ഈ മഹാജ്ഞാനത്തിന്റെ ഉറവിടം എന്ന

നിലയിലാണ് ഹിന്ദുസമാജം സംഘടിക്കണം എന്ന് പറയുന്നത്. ഇത് ലോകത്തിനു നൽകേണ്ട ഉത്തരവാദിത്വം ഹിന്ദുവിനാണ്, അതിനുവേണ്ടി അവരെ തയ്യാറാക്കേണ്ടതുണ്ട്. അങ്ങനെയാണ് ഭാരതം മുന്നോട്ട് പോകേണ്ടത്.

ഇത് ഏതെങ്കിലും നയത്തിന്റെ അടിസ്ഥാനത്തിലോ നിയമങ്ങളുടെ അടിസ്ഥാനത്തിലോ സംഭവിക്കേണ്ടതല്ല. തീർച്ചയായും നല്ല നയങ്ങളും നിയമങ്ങളും ഉണ്ട്. പക്ഷെ അവയെല്ലാം മനുഷ്യനെ അടിസ്ഥാനപ്പെടുത്തി ഉള്ളതാണ്. അവൻ എങ്ങനെ ഉൾക്കൊള്ളുന്നു, എങ്ങനെ ജീവിതത്തിൽ പകർത്തുന്നു എന്നതിനെ ആശ്രയിച്ചാണ് അവ ഇരിക്കുന്നത്. താൻ ആർജ്ജിച്ചതും അറിഞ്ഞതുമായ കാര്യങ്ങളെ അടിസ്ഥാനമാക്കി അവൻ ജീവിക്കുക എന്നതാണ് പ്രധാനം. ആ കാര്യത്തിൽ കുറഞ്ഞത് ആയിരം കൊല്ലമായി നാം ഏറെ പിന്നിലാണ്.

നല്ല ഒരു ഭാരതത്തെ കെട്ടിപ്പടുക്കാൻ മൂല്യബോധവും ഐക്യചിന്തയുമുള്ള സമൂഹം അത്യാവശ്യമാണ്. അതില്ലെങ്കിൽ മികച്ച നേതാക്കളും, നല്ല ഭരണവും, നല്ല നയങ്ങളും ഉണ്ടെങ്കിലും പ്രയോജനമില്ല. അവർക്ക് ഒരു പരിധിവരെ മാത്രമേ ചെയ്യാൻ കഴിയൂ, അതിനപ്പുറം അവരും പരാജയപ്പെടും.അതിന്റെ കാരണം സമൂഹം നിലനിൽക്കുന്നത് വ്യക്തികളിലാണ് എന്നതിനാലാണ്. സമൂഹം ചലിക്കുന്നത് ബൗദ്ധികമായല്ല. കാരണം സാധാരണക്കാരായ മനുഷ്യർക്ക് ബൗദ്ധിക ചിന്തകളൊന്നും മനസ്സിലാകില്ല. അവനു വേണ്ടത് ഉദാഹരണങ്ങളും മാതൃകകളുമാണ്. ആശയങ്ങൾ പോലും അവനു ഉൾക്കൊള്ളാനാവില്ല. കാരണം, ആശയങ്ങൾ എന്നത് സാധാരണക്കാർക്ക് എത്താൻ കഴിയാത്ത നക്ഷത്രങ്ങളെപ്പോലെയാണ്. എന്നാൽ ആശയങ്ങൾക്കും ആദർശങ്ങൾക്കുമനുസരിച്ചുള്ള മാർഗ്ഗങ്ങൾ നമുക്ക് വരയ്ക്കാൻ കഴിയും. അങ്ങനെ ആദർശങ്ങൾക്കനുസരിച്ച്, സാധാരണക്കാർ വരച്ച മാർഗ്ഗങ്ങൾക്ക് നമ്മുടെ നാട്ടിൽ ഉദാഹരണങ്ങൾ ധാരാളമുണ്ട്. അതിനനുസരിച്ച് ജീവിച്ച മഹദ് ജന്മങ്ങളുടെ ഒരു പരമ്പര തന്നെ നമ്മുടെ നാട്ടിലുണ്ട്.

ആദർശങ്ങൾക്കനുസരിച്ചുള്ള മാർഗ്ഗം വരയ്ക്കുമ്പോൾ അതിൽ ധാരാളം പ്രതിബന്ധങ്ങളും ഉണ്ടാകും. അതുകൊണ്ടുതന്നെ ഒരു സാധാരണക്കാരൻ അത് തെരഞ്ഞെടുക്കാൻ ധൈര്യപ്പെടില്ല. എന്നാൽ അവനെ അതിലൂടെ കൈപിടിച്ച് നടത്താനും പ്രോത്സാഹിപ്പിക്കാനും വിശ്വസ്തനായ ഒരു സുഹൃത്ത് ഉണ്ടെങ്കിൽ തീർച്ചയായും അവൻ അതുവഴി മുന്നേറുക തന്നെ ചെയ്യും. അത് ഒരു കേവല മനഃശാസ്ത്രമാണ്. അതായത്, സമൂഹത്തെ സംഘടിപ്പിക്കുന്നതിന്റെ അടിസ്ഥാന മാർഗ്ഗം എന്നത് ഇപ്പറഞ്ഞതുപോലെയുള്ള ആൾക്കാരെ സൃഷ്ടിക്കുക എന്നതാണ്. അതായത് ഹിന്ദു സമാജത്തെ സംഘടിപ്പിക്കുക എന്നാൽ, സാധാരണക്കാരുടെ ഇടയിൽ നിന്ന് മാതൃകകളെ സൃഷ്ടിക്കുക എന്നതാണ്. ജീവിക്കുന്ന ഉദാഹരണങ്ങളെ സൃഷ്ടിക്കുക എന്നതാണ്. സാധാരണക്കാരിൽ നിന്ന് എന്നുവെച്ചാൽ അവരിലെ സ്വഭാവശുദ്ധി, സമർപ്പണം എന്നീ മാതൃകയാക്കാവുന്ന ഗുണങ്ങൾ എന്നർത്ഥം. ഇങ്ങനെയുള്ള മനുഷ്യരെ ആണ് നമുക്കാവശ്യം.ഒരു കവിതയുണ്ട്, അതിൽ പറയുന്നു, നമുക്ക് യോഗ്യരായ മനുഷ്യരെ ആണ് വേണ്ടത്, സംവിധാനങ്ങളെ അല്ല. സമ്പന്നരെ അല്ല, പർവ്വതതുല്യമായ വ്യക്തിത്വങ്ങളെ. അധികാരമുള്ളവരെ അല്ല, അനുഗൃഹീതമായ പുഞ്ചിരിയുള്ളവരെ... മനുഷ്യൻ മികച്ചതായാൽ എല്ലാം ശരിയാകും. അങ്ങനെയുള്ള വ്യക്തികളെ സൃഷ്ടിക്കുന്ന വ്യക്തിനിർമ്മാണമാണ് യഥാർത്ഥ സംഘടന ചെയ്യേണ്ടത്..

പ്രവൃത്തികളുടെ ഉദ്ദേശ്യശുദ്ധി വളരെ പ്രധാനമാണ്. നല്ല ഉദ്ദേശ്യ ത്തോടെ ചെയ്യുന്ന ഒരു പ്രവൃത്തി ഉദ്ദേശിക്കുന്ന ഫലം തരും. നന്നായി ജോലി ചെയ്യുന്ന ആൾക്കാർ ധാരാളമുണ്ട്, പക്ഷെ ഉദ്ദേശ്യം സ്വാർത്ഥ തയാണങ്കിൽ, അവരുടെ ലക്ഷ്യം സ്വന്തം കാര്യം എന്നത് മാത്രമാകും. ഏതാനും മാസങ്ങൾക്കകം തിരഞ്ഞെടുപ്പ് വരികയാണ്. അപ്പോൾ ധാരാ ളം ആൾക്കാർ നിങ്ങളെ കൂപ്പുകൈകളോടെ സമീപിക്കും. നിങ്ങളെ സേവിക്കാൻ ഒരു അവസരം തരൂ എന്ന് അപേക്ഷിക്കും. നിങ്ങളവർക്ക് അവസരം കൊടുത്താൽ, പിന്നെ അവർ നിങ്ങളെ കാണാൻ വരുന്നത് അഞ്ച് വർഷത്തിന് ശേഷമാകും. എന്തുകൊണ്ടെന്നാൽ, അവർക്കുള്ള ത് സ്വാർത്ഥലക്ഷ്യങ്ങൾ മാത്രമാണ് എന്നതാണ്. അല്ലെങ്കിൽ ഭയമുണ്ടാ കണം. വഴിയിൽ ഒരു ചുവന്ന സിഗ്നൽ കണ്ടാൽ ചെയ്യേണ്ടത് അവിടെ നിൽക്കുക എന്നതാണ്. പക്ഷെ അവിടെ ഒരു പോലീസുകാരൻ ഇല്ലെ ങ്കിൽ നമ്മൾ അത് അനുസരിക്കില്ല. ഇത് നാം സാധാരണ കാണുന്ന കാര്യമാണ്. ശിക്ഷയെ ഭയന്ന് കാര്യങ്ങൾ ചെയ്യുക എന്നതാണത്.

അതായത് ചില സാഹചര്യങ്ങൾ നമ്മെ നല്ല കാര്യങ്ങൾ ചെയ്യാൻ നി ർബന്ധിതരാക്കാറുണ്ട്. ഈഗോയുടെ പേരിൽ പോലും ചില മനുഷ്യർ മികച്ച കാര്യങ്ങൾ ചെയ്യാറുണ്ട്. എനിക്ക് പദ്മഭൂഷൺ ലഭിക്കുമോ പദ് മശ്രീ ലഭിക്കുമോ എന്നൊക്കെ പലരും ചോദിക്കാറുണ്ട്, അതിനു വേ ണ്ടി കാര്യങ്ങൾ ചെയ്യുന്നവർ ധാരാളമുണ്ട്. പക്ഷെ ഇതൊന്നും ശാശ്വ തമല്ല, നിലനിൽക്കുന്നതുമല്ല. ആ മനോഭാവമല്ല നമുക്ക് വേണ്ടത്. ഈ മനോഭാവം നമ്മെ ദീർഘദൂരം കൊണ്ടുപോകില്ല. ഇതെന്റെ രാജ്യമാണ്, ഇതെന്റെ ജനങ്ങളാണ് എന്ന സ്നേഹത്തിൽ അധിഷ്ഠിതമായ മനോ ഭാവം മാത്രമേ സമൂഹത്തിന് ആത്യന്തികമായ ഗുണങ്ങൾ വരുത്തു കയുള്ളു. ഇതല്ലാതെ അധികാരമോ പണമോ പ്രശസ്തിയോ ഒന്നും അവിടെ പ്രസക്തമേ അല്ല. അങ്ങനെ നൂറു ശതമാനം നിസ്വാർത്ഥമായി തന്റെ കടമകൾ നിർവ്വഹിക്കുന്ന മനുഷ്യർ മാത്രമേ നല്ല ഫലങ്ങൾ കൊ ണ്ടുവരികയുള്ളൂ.

സംഘസ്ഥാപകനായ ഡോ.ഹെഡ്ഗേവാർ അങ്ങനെയുള്ള ഒരു മനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം ഡോക്ടർജിയുടെ സമ്പാദ്യങ്ങൾ ഞങ്ങൾ ശേഖരിച്ച് പ്രദർശിപ്പിച്ചിട്ടുണ്ട്. അത് ഒരു അല മാരയുടെ നാല് അറകളിലായിട്ടായിരുന്നു ഉണ്ടായിരുന്നത്. അതിൽ മൂന്നെണ്ണത്തിൽ അദ്ദേഹത്തിന് വന്നതും അദ്ദേഹം എഴുതിയതുമായ കത്തുകൾ ആയിരുന്നു. നാലാമത്തെ അറയിൽ ഉണ്ടായിരുന്നത് പി ഞ്ഞിത്തുടങ്ങിയ ഒരു കോട്ട്, മുഷിഞ്ഞ ഒരു ജോഡി ചെരിപ്പുകൾ ഒരു ലാത്തി എന്നിവ മാത്രം. ഇവയല്ലാതെ അദ്ദേഹത്തിന് ഒരു സമ്പാദ്യവും ഉണ്ടായിരുന്നില്ല. സംഘത്തിന്റെ ആദ്യ സർസംഘചാലകനായ അദ്ദേ ഹം ഒരു പ്രശസ്തിയുടെയും പിന്നാലെ പോയിട്ടില്ല. അദ്ദേഹം ഒരിക്ക ലും ഞങ്ങളോട് എന്നെ അനുസരിക്കണം എന്ന് ആജ്ഞാപിച്ചിട്ടില്ല. അദ്ദേഹത്തിന് വേറെ ആഗ്രഹങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. ഈ മനു ഷ്യനെ സൃഷ്ടിച്ച പ്രചോദനം മേൽപ്പറഞ്ഞ നിസ്വാർത്ഥ സ്നേഹം മാ ത്രമായിരുന്നു.

അങ്ങനെ നല്ല വ്യക്തികളെ സൃഷ്ടിക്കുന്ന വ്യക്തിനിർമ്മാണമാണ് സംഘത്തിൽ നടക്കുന്നത്. ലോക സംഗ്രഹം എന്നാണു നമ്മുടെ പാര മ്പര്യത്തിൽ ഇതിനെ വിശേഷിപ്പിക്കുന്നത്. ആൾക്കാരെ ശരിയായ പാ തയിലേക്ക് വഴിതിരിച്ചുവിടുക എന്നാണ് അതിനർത്ഥം. ഇത് പ്രബോ ധനമല്ല. പ്രബോധനം വേറെയാണ്. സംഘടനക്ക് അതിന്റേതായ വ്യവ



സ്ഥകൾ ഉണ്ടാകും, സർസംഘ് ചാലക്, സർകാര്യവാഹ് അങ്ങനെ പല ചുമതലകളിൽ ആൾക്കാർ ഉണ്ടാകും. പക്ഷെ സംഘടന എന്നാൽ ഇതൊന്നുമല്ല. സമാജത്തെ സേവിക്കാനാണ് നമ്മൾ സംഘടന ഉണ്ടാക്കിയിരിക്കുന്നത്. സമാജത്തെ സേവിക്കുന്നതിലൂടെ ലോകത്തെ സേവിക്കുക എന്നത് കൂടിയാണ് നടക്കുന്നത്. സങ്കൽപ്പത്തിലും യാഥാർഥ്യത്തിലും സമാജസേവനം എന്നത് ലോകസേവനം തന്നെയാണ്. അതേസമയം ഇത് സ്വതന്ത്രവുമായിരിക്കണം. ഇല്ലെങ്കിൽ പലവിധ താല്പര്യങ്ങൾ പ്രവർത്തനത്തെ ബാധിക്കാൻ സാധ്യതയുണ്ട്. അതൊരിക്കലും സംഭവിക്കാൻ പാടില്ല. സംഘടന എപ്പോഴും എല്ലാറ്റിനെപ്പറ്റിയും ചിന്തിച്ചുകൊണ്ടിരിക്കണം. അതിന് അത് എപ്പോഴും സ്വതന്ത്രമായിരിക്കണം. അത് സ്വതന്ത്രമായി ചലിക്കാനും സ്വയം പ്രവർത്തിക്കാനും കഴിയുന്നതായിരിക്കണം. രാഷ്ട്രം അഭിവൃദ്ധിപ്പെടണമെങ്കിൽ ധാരാളം കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. പക്ഷെ ഈ കാര്യങ്ങൾ സംഘടനയെ ബാധിക്കാൻ പാടില്ല. ഇത് ഉപാധികൾ ആണ്. ഉപാധികൾ എന്നത് ലക്ഷ്യങ്ങൾ അല്ല. പക്ഷേ നമുക്കത് ആവശ്യവുമാണ്. അതായത്, സംഘടന ഉപാധികളിൽ കൂടി കടന്നുപോകുമ്പോൾ അതിൽ മുഴുകാതെ ശ്രദ്ധിക്കണം. സംഘം അങ്ങനെയാണ് പ്രവർത്തിക്കുന്നത്.

ഒരു സംഘടന എന്ന നിലയിൽ വ്യക്തിനിർമ്മാണം എന്നതല്ലാതെ മറ്റൊരു കാര്യത്തിലും സംഘം ഇടപെടാറില്ല. ബഹുമാന്യ അധ്യക്ഷൻ ഇവിടെ ധാർമ്മിക നേതൃത്വത്തെക്കുറിച്ചു പറഞ്ഞു. ഞങ്ങൾക്ക് ഒന്നിന്റെയും നേതൃത്വം ഇല്ല. ഞങ്ങൾക്ക് എല്ലായിടത്തും സുഹൃത്തുക്കൾ ഉണ്ട്. പക്ഷെ ആ സൗഹൃദങ്ങൾ ഞങ്ങൾ ഉപയോഗിക്കാറില്ല. ഞങ്ങൾ ഒന്നിനെയും നിയന്ത്രിക്കാറുമില്ല. ഞങ്ങൾ ഇതൊക്കെ തുടങ്ങിയാൽ, ഞങ്ങളുടെ അടിസ്ഥാനപ്രവർത്തനത്തെ അത് ബാധിക്കും.

ഞാൻ പറഞ്ഞല്ലോ.. ഞങ്ങൾക്ക് എല്ലായിടത്തും സുഹൃത്തുക്കളുണ്ട്. പക്ഷേ ഞങ്ങൾ ഒന്നിലും ഇടപെടാതെ ലോകസംഗ്രഹം അഥവാ വ്യക്തിനിർമ്മാണം എന്ന ഏക പ്രവൃത്തിയിൽ മാത്രം ഉറച്ചുനിൽക്കുന്നു. എല്ലായിടത്തും സുഹൃത്തുക്കൾ ഉണ്ടെങ്കിലും ഞങ്ങൾ ധാരാളം കാര്യങ്ങളിൽ കൃത്യമായ അകലം പാലിക്കുന്നു. നല്ല സ്വയംസേവകർ പലയിടത്തും ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ട് എങ്കിലും അവിടെയും ഞങ്ങൾ നിശ്ചിത അകലം പാലിക്കുന്നു. ഞങ്ങൾ അവരെ സഹായിക്കാറുണ്ട്. പക്ഷെ ആ സഹായം പോലും ഈ അകലം പാലിച്ചുകൊണ്ടാ

ണ്. അതായത് ഈ സംഘടന കൃത്യമായി ലക്ഷ്യത്തെ മുൻനിർത്തിയാണ് പ്രവർത്തിക്കുന്നത്. അല്ലാതെ സംഘടനയെ മുൻനിർത്തിയല്ല.

പ്രസിദ്ധമായ ഒരു മുദ്രാവാക്യം ഞാനിവിടെ പറയാം..'രാഷ്ട്രഭക്തി തേരാ നാം ആർഎസ്എസ്' എന്നതാണത്. ഇങ്ങനെയൊരു മുദ്രാവാക്യം കേട്ടപ്പോൾ ഞങ്ങളുടെ അന്നത്തെ സർസംഘചാലകൻ അത് തടഞ്ഞു. അദ്ദേഹം പറഞ്ഞത് രാഷ്ട്രഭക്തി എന്നത് നമ്മുടെ കുത്തകയല്ല, ഓരോ ഭാരതീയനും രാഷ്ട്രഭക്തനാണ് എന്നാണ്. അതായത്, ഞങ്ങൾ സംഘത്തിൽ പ്രവർത്തിക്കുന്നു, പക്ഷെ സംഘത്തിനുവേണ്ടിയല്ല പ്രവർത്തിക്കുന്നത്. പകരം നമ്മുടെ രാഷ്ട്രത്തിനുവേണ്ടിയാണ്, ഈ രാഷ്ട്രം പ്രവർത്തിക്കുന്നത് ഈ ലോകത്തിനുവേണ്ടിയാണ്, മാനവരാശിക്കുവേണ്ടിയാണ്. അതുകൊണ്ടുതന്നെ ഈ സംഘടനക്ക് വ്യക്തികേന്ദ്രീകൃതമാകാൻ കഴിയുകയില്ല. ആൾക്കാർ വരും, പോകും.പക്ഷെ സംഘം എല്ലാവർക്കും വേണ്ടി പ്രവർത്തിച്ചുകൊണ്ടേയിരിക്കും. എന്തുകൊണ്ടെന്നാൽ സംഘം പ്രവർത്തിക്കുന്നത് കൃത്യമായ ലക്ഷ്യബോധത്തോടെയാണ്. ഞങ്ങൾ, സംഘസ്വയംസേവകർ സുഹൃത്തുക്കളാണ്, അല്ല സഹോദരങ്ങൾ ആണ്, അല്ല അതിലപ്പുറവും ആണ്. ഞങ്ങൾ ഈ ബന്ധങ്ങൾക്ക് വേണ്ടി മരിക്കാനും തയ്യാറാണ്. പക്ഷെ ഈ ബന്ധങ്ങൾ എന്ന് പറയുന്നത് മേൽപ്പറഞ്ഞ, സമ്പൂർണ്ണ വൈഭവമാർന്ന ഭാരതം അഥവാ ഹിന്ദുരാഷ്ട്രം എന്ന ലക്ഷ്യത്തിൽ അധിഷ്ഠിതമാണ്. അതാണ് നമ്മുടെ ലക്ഷ്യം. നമ്മൾ ആ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നതുകൊണ്ടാണ് നമ്മൾ സുഹൃത്തുക്കളായിരിക്കുന്നത്.

അങ്ങനെയുള്ള ഒരു സംഘടന കെട്ടിപ്പടുക്കാൻ നമുക്ക് പ്രകാശം ചൊരിയുന്ന മാതൃകകൾ ആവശ്യമാണ്. അങ്ങനെയുള്ള മാതൃകകളെ സൃഷ്ടിക്കേണ്ടതുണ്ട്. അതിനുള്ള ലളിതമായ മാർഗ്ഗം നാമോരോരുത്തരും മാതൃകകളായി മാറുക എന്നതാണ്. മാതൃകകളെ സൃഷ്ടിക്കാൻ ശ്രമിക്കുന്നവർ സ്വയം മാതൃകകൾ ആകണം.അതിന്, നാം ഉപദേശിക്കുന്ന കാര്യങ്ങൾ സ്വയം ചെയ്യുക എന്നതാണ്. സ്വയം ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ പറയാൻ പാടില്ല.സംഘത്തിൽ, നമ്മുടെ വർഗ്ഗുകളിൽ, പലപ്പോഴും പൊതുവേദികളിലും ധാരാളം ബൗദ്ധിക്കുകൾ നടക്കാറുണ്ട്. ഇവിടെയെല്ലാം, ഞങ്ങൾ ഈ കേൾക്കുന്നതെല്ലാം മുൻപ് തന്നെ അനുഭവിച്ചറിഞ്ഞവയാണ്. പ്രഭാഷണങ്ങൾ ശ്രവിച്ചല്ല ഞങ്ങളാരും സംഘത്തിലേക്ക് വന്നത്. ഞങ്ങൾ ആദ്യം സംഘത്തിലേക്ക് വന്നത് കളിക്കാൻ ആണ്, ചില സുഹൃത്തുക്കളെ കണ്ടിട്ടാണ്. ബഹുമാന്യ അധ്യക്ഷൻ ഇവിടെ പറഞ്ഞു, എങ്ങനെയാണ് അദ്ദേഹത്തിന് സംഘ കാര്യകർത്താക്കളോട് അടുപ്പം തോന്നിയത് എന്ന്. അതിലൂടെയാണ് നമ്മുടെ ലക്ഷ്യം എന്താണെന്ന് തിരിച്ചറിയുന്നത്. അങ്ങനെ ഞങ്ങൾ ആ ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കാൻ തുടങ്ങുന്നു.

ബൗദ്ധിക്കുകളും, ആശയങ്ങളും, തത്വങ്ങളുമെല്ലാം ഞങ്ങൾ കേൾക്കുന്നത് വളരെ സമയത്തിന് ശേഷമാണ്. അങ്ങനെയുള്ള ബൗദ്ധിക്കുകളുടെ ഓരോ വരി കേൾക്കുമ്പോഴും ഞങ്ങൾക്ക് ചില ഓർമ്മകൾ ഇരച്ചെത്തും, ഇത് ഞങ്ങൾ കണ്ടിട്ടുണ്ടല്ലോ,  ഇത് ഞങ്ങൾ അനുഭവിച്ചിട്ടുണ്ടല്ലോ എന്നെല്ലാം ഓർക്കും. മുൻപ് പറഞ്ഞ മാതൃകകളിലൂടെ ഇതെല്ലാം കണ്ടും കേട്ടും തൊട്ടറിഞ്ഞതുമാണ്. ഞങ്ങളുടെ ഒരു ക്യാമ്പിൽ വെച്ച് ഒരു അധികാരി ശിക്ഷാർത്ഥികളോട് ഒരു ചോദ്യം ചോദിച്ചു. രാത്രിയിൽ നിങ്ങൾ ധാരാളം നക്ഷത്രങ്ങളെ കാണുന്നുണ്ട്. എന്നാൽ പകൽ ഒരേയൊരു നക്ഷത്രം മാത്രമേ ഉള്ളൂ. എന്നിട്ടും എന്തു



കൊണ്ടാണ് പകൽ പ്രകാശമാനമായിരിക്കുന്നത്?

സ്കൂൾ വിദ്യാർത്ഥികളായിരുന്നു എങ്കിലും എങ്കിലും അവർ പറഞ്ഞ ഉത്തരം കൃത്യമായിരുന്നു. സൂര്യൻ വളരെ അടുത്ത് നിൽക്കുന്നതുകൊണ്ടും അത് സ്വയം പ്രകാശിക്കുന്നതുകൊണ്ടുമാണ് നമുക്ക് ചൂടും വെളിച്ചവും ലഭിക്കുന്നത്. ചന്ദ്രൻ സൂര്യനെക്കാൾ അടുത്താണ് എങ്കിലും അത് സ്വയം പ്രകാശിക്കുന്നില്ല, സൂര്യനെ പ്രതിഫലിപ്പിക്കുന്നതെ ഉള്ളൂ.അതുകൊണ്ട് ചന്ദ്രൻ സൂര്യനെ കാണാത്ത സമയം ഇരുട്ടാണ് അമാവാസിയാണ്. സൂര്യനെക്കാൾ വലിയ നക്ഷത്രങ്ങൾ ധാരാളമുണ്ട്. പക്ഷെ അവയെല്ലാം വളരെ അകലെയാണ്. സൂര്യൻ കഴിഞ്ഞാൽ നമുക്ക് ഏറ്റവുമടുത്തുള്ള നക്ഷത്രം ആൽഫ സെൻടൂറി ആണ്. അതുപോലും മുപ്പത് പ്രകാശവർഷം അകലെയാണ്. അവിടെനിന്നുള്ള പ്രകാശം ഭൂമിയേലെത്തുന്നതിനു വളരെ മുമ്പ് പല വഴിക്ക് ചിതറിപ്പോകുന്നു. പിന്നെ നമ്മൾ കാണുന്നത് മുപ്പത് വർഷം മുമ്പുള്ള പ്രകാശമാണ്. ഇപ്പോഴവിടെ എന്താണുള്ളത് എന്ന് നമുക്ക് കാണാൻ കഴിയില്ല. അതുകൊണ്ടാണ് പറയുന്നത്, നമ്മൾ നല്ല സുഹൃത്തുക്കളായിരിക്കണം, നാം പരസ്പരം അടുത്തിരിക്കണം എന്ന്.

സംഘത്തിന്റെ പ്രവർത്തനപദ്ധതി എന്നത് മേൽപ്പറഞ്ഞതുപോലുള്ള നല്ല സൗഹൃദങ്ങളെ സൃഷ്ടിക്കലും വളർത്തലുമാണ്. മോശമായ വഴികളിലൂടെ സഞ്ചരിക്കുന്നതിൽ നിന്ന് സുഹൃത്തുക്കളെ തടയുക, എന്നിട്ട് അവന്റെ നന്മക്ക് വേണ്ടി നേരായ വഴികളിലേക്ക് കൊണ്ടുവരാനുള്ള പ്രവൃത്തികൾ ചെയ്യുക. അവനു ചില കുറവുകൾ ഉണ്ടാകാം. കൂട്ടുകാർക്ക് മാത്രമറിയാവുന്ന ചില രഹസ്യങ്ങൾ ഉണ്ടാകാം. പക്ഷെ അതൊരിക്കലും അവർ പുറത്തു ചർച്ചാവിഷയമാക്കില്ല. തങ്ങളുടെ സൗഹൃദത്തിലൂടെ അവന്റെ കുറവുകളെ നികത്തിയെടുക്കും. എന്നാൽ അവനിലെ ഗുണങ്ങൾ, അതെത്ര ചെറുതാണെങ്കിലും എല്ലാവരുമായും പങ്കുവെക്കും. നമ്മുടെ കൂട്ടുകാരന് ആ കഴിവുണ്ട്, അവനത് ചെയ്യാൻ കഴിയും എന്നൊക്കെ. കൂടാതെ അവനിൽ ഒളിഞ്ഞിരിക്കുന്ന കഴിവുകളെ കണ്ടെത്തി അതിനെ വളർത്തി ക്രിയാത്മകമാക്കണം.അവന്റെ കഷ്ടതകളിൽ

അവനെ വിട്ടുപോകാതെ അവനെ സമയത്ത് സഹായിക്കണം. ഇതൊക്കെയാണ് യഥാർത്ഥ സുഹൃത്തിന്റെ ലക്ഷണം. മാതൃകകളുമായുള്ള ഈ സൗഹൃദം അവനെ ശരിയായ വഴി തിരഞ്ഞെടുക്കാൻ പ്രേരിപ്പിക്കും.

ഇങ്ങനെയാണ് ഒരു സാധാരണക്കാരൻ, ഒരു സാധാരണസ്വയംസേവകൻ സംഘമാർഗ്ഗം പിന്തുടരുന്നത്. അതിന്റെ വേഗത നമ്മൾ നിയന്ത്രിക്കും. ഡോ.ഹെഡ്ഗേവാർ എന്ന അസാധാരണ മനുഷ്യന്റെ പ്രധാന സവിശേഷതകൾ ഇവയൊക്കെയായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ അസാധാരണത്വം അദ്ദേഹം ഒരിക്കലും പ്രദർശിപ്പിച്ചിരുന്നില്ല. അദ്ദേഹം ഒരു സാധാരണക്കാരനായിട്ടായിരുന്നു തുടർന്നത്. ആ കാലഘട്ടത്തിൽ യുവതലമുറ വളരെ തിരക്കേറിയ സമയത്തിലൂടെയായിരുന്നു പൊയ്ക്കൊണ്ടിരുന്നത്. സ്വാതന്ത്ര്യസമരം, വിപ്ലവപ്രവർത്തനം, സാമൂഹ്യപ്രവർത്തനം എന്നിങ്ങനെ വിവിധ മേഖലകളിൽ വ്യാപരിച്ചിരുന്നവരെ ആരെയും അദ്ദേഹത്തിന് ലഭിച്ചില്ല. അദ്ദേഹത്തിന് കിട്ടിയത് സ്കൂളിലും കോളേജിലും പഠിച്ചുകൊണ്ടിരുന്ന കുട്ടികളെ മാത്രമായിരുന്നു. അവർക്കാർക്കും അനുഭവങ്ങൾ ഉണ്ടായിരുന്നില്ല, പക്ഷെ ഡോക്ടർജി എല്ലാ മേഖലകളിലും അനുഭവസമ്പന്നനായിരുന്നു.അതുകൊണ്ടുതന്നെ എന്ത് ചെയ്യണം എന്ന് അദ്ദേഹത്തിന് കൃത്യമായി അറിയാമായിരുന്നു. പക്ഷെ എനിക്കെല്ലാം അറിയാം എന്ന് അദ്ദേഹം ഒരിക്കലും പറഞ്ഞിരുന്നില്ല, കാണിച്ചിരുന്നില്ല.

1925 ലെ വിജയദശമി ദിനത്തിൽ, കഷ്ടിച്ച് പത്തുമുപ്പതു പേർ മാത്രം ചേർന്ന് സംഘപ്രവർത്തനം തുടങ്ങിയ ചടങ്ങിന് ശേഷം, എല്ലാവരും ഡോക്ടർജിയോട് ചോദിച്ചു, നാമിനി എന്താണ് ചെയ്യാൻ പോകുന്നത് എന്ന്. ഉത്തരം അദ്ദേഹത്തിനറിയാമായിരുന്നങ്കിലും അതിനദ്ദേഹം മറുപടി പറഞ്ഞത്, എനിക്കൊന്നും അറിയില്ല, നമുക്കെല്ലാം കൂടി തീരുമാനിക്കാം എന്നാണ്. അവരുടെയിടയിൽ അവരിലൊരാളായി നിന്നുകൊണ്ടാണ് അദ്ദേഹം അവരെ നയിച്ചത്. മുൻ സർസംഘചാലക് ബാളാസാഹബ് ദേവറസ് ഒരിക്കലൊരു ബൗദ്ധിക്കിൽ പറഞ്ഞതിങ്ങനെയാണ്.

ഞങ്ങൾ ഡോക്ടർജിയെ കാണുമ്പൊൾ, ഞങ്ങൾക്കറിയാമായിരുന്നു അദ്ദേഹം ഞങ്ങളെക്കാൾ ഗുണങ്ങൾ ഉള്ള ആളാണ് എന്ന്. രണ്ടു ചുവട് വെച്ചാൽ അതും ഞങ്ങൾക്ക് നേടാവുന്നതേ ഉള്ളൂ എന്നാണ് തോന്നിയത്. ഞങ്ങൾ ശ്രമിച്ചു. അദ്ദേഹത്തിനൊപ്പമെത്തി എന്ന് തോന്നിയപ്പോൾ വീണ്ടും നോക്കിയപ്പോൾ മനസ്സിലായി വീണ്ടും രണ്ടു ചുവട് കൂടി ഉണ്ട് എന്ന്. അങ്ങനെയങ്ങനെ അദ്ദേഹം ഞങ്ങളെ ആയിരക്കണക്കിന് ചുവടുകൾ വെയ്പ്പിച്ചു. പക്ഷെ ഞങ്ങൾക്ക് ഇപ്പോഴും രണ്ടു ചുവട് വെക്കുന്ന അനുഭവം മാത്രമേ തോന്നിയുള്ളൂ. അതുകൊണ്ട് ഞങ്ങൾ സംഘത്തിൽ വലിയ വലിയ കാര്യങ്ങളൊന്നും പഠിപ്പിക്കാറില്ല, ചെറിയ ചെറിയ കാര്യങ്ങളെ പഠിപ്പിക്കാറുള്ളു. ചെരിപ്പുകൾ നിരയായി വെയ്ക്കുക, ദക്ഷയിൽ അനങ്ങാൻ പാടില്ല, ബൗദ്ധിക് നടക്കുമ്പോൾ സംസാരിക്കാൻ പാടില്ല എന്ന വളരെ നിസ്സാരവും ചെറുതും എന്ന് തോന്നുന്ന കാര്യങ്ങളേ സംഘത്തിൽ പഠിപ്പിക്കാറുള്ളൂ. ചെറിയ നാണയത്തുട്ടുകളെ ശ്രദ്ധിച്ചാൽ നോട്ടുകെട്ടുകൾ പിന്നാലെ വന്നുകൊള്ളും എന്ന തത്വമാണത്.

ഇങ്ങനെ ചെയ്യുമ്പോൾ നമ്മളെന്തോ ചെയ്യുകയാണ് എന്ന തോന്നൽ ആർക്കുമുണ്ടാകില്ല. പതുക്കെ ഇത് നമ്മുടെ സ്വഭാവമായി മാറും.



വ്യക്തിനിർമ്മാണം എന്നത് ബലം പ്രയോഗിച്ചു ചെയ്യേണ്ടതല്ല. അത് ഉള്ളിൽ നിന്നും സ്വാഭാവികമായി ഉരുത്തിരിഞ്ഞു വരേണ്ടതാണ്. അതു കൊണ്ടാണ് അടിച്ചു പരത്തലിലൂടെയല്ല പകരം ജലരാശിയുടെ നൃത്ത വിന്യാസം പോലെയാണ് വ്യക്തികളെ നിർമ്മിച്ചെടുക്കേണ്ടത് എന്ന് പറയുന്നത്.

എങ്ങനെയാണ് ഒരു മനുഷ്യനെ മികച്ചവനാക്കി നിർമ്മിച്ചെടുക്കുക എന്നതാണല്ലോ നാം പറഞ്ഞുകൊണ്ടിരുന്നത്. എന്തൊക്കെ വ്യത്യാസവും വ്യത്യസ്തകളും ഉണ്ടെങ്കിലും സംഘത്തിൽ എല്ലാവരും ഒന്നിച്ച് പ്രവർത്തിക്കുന്നു, ഒന്നിച്ച് ഭക്ഷണം കഴിക്കുന്നു, കളിക്കുന്നു, യാത്ര ചെയ്യുന്നു, ശാഖകളിൽ പങ്കെടുക്കുന്നു. ഇതിലൂടെയൊക്കെ പരസ്പരം നിരീക്ഷിക്കുകയും ഹൃദയബന്ധം വളരുകയും ചെയ്യുന്നു. അവിടെ ഞങ്ങളും നിങ്ങളുമില്ല. നമ്മളെല്ലാം സ്വയംസേവകർ മാത്രമാണ്. ഞാൻ സർസംഘചാലകൻ ആണെങ്കിലും പ്രാഥമികമായി ഒരു സ്വയംസേവകനാണ്. സംഘത്തിൽ സ്ഥിരമായുള്ള അവസ്ഥ അത് മാത്രമാണ്. സർസംഘചാലകൻ അടക്കം എല്ലാ ചുമതലകളും നിരന്തരം മാറിക്കൊണ്ടിരിക്കും. എന്നാൽ ഒരു വ്യക്തി സ്വയംസേവകനായിക്കഴിഞ്ഞാൽ അതൊരിക്കലും മാറില്ല.

അതായത് ഒരു വ്യക്തി സ്വയംസേവകനായി മാറുന്ന പ്രക്രിയയിൽ അയാൾ പോലുമറിയാതെ എല്ലാ കാര്യങ്ങളും അയാൾ പഠിക്കുന്നു. വളരെ വൈകാരികമായ ഈ പരിവർത്തനത്തിനിടയിൽ അവരിൽ ഒന്നും തന്നെ നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കാറില്ല. പകരം തെരഞ്ഞെടുക്കാനുള്ള അവസരം അവർക്ക് കൊടുക്കുകയാണ്. ഭഗവദ്ഗീതയിൽ ഭഗവാൻ അർജ്ജുനനോട് പറയുന്നത് ഇങ്ങനെയാണ്. ഞാൻ നിനക്ക് എല്ലാം ഉപദേശിച്ചു തന്നു. ഇനി എന്ത് വേണമെന്ന് നീ തെരഞ്ഞെടുക്കുക. ഇത് തന്നെയാണ് സംഘത്തിന്റെയും സമീപനം. സംഘം അവസരങ്ങൾ നൽകുന്നു, ആവശ്യമുള്ളവർക്ക് അത് സ്വീകരിക്കാം. ഞങ്ങൾ തൊപ്പികൾ അന്തരീക്ഷത്തിലേക്ക് എറിയുന്നു. ചിലർക്ക് അത് ലഭിക്കു

ന്നു ചിലർക്ക് ലഭിക്കുന്നില്ല. പക്ഷെ ഞങ്ങൾക്ക് അതിൽ ഒരു ആശങ്ക യുമില്ല. ഞങ്ങൾ തെരഞ്ഞെടുക്കാനും നിരാകരിക്കാനുമുള്ള അവസര മാണ് നൽകുന്നത്. ഇതിലൊന്നും യാതൊരു ആശങ്കയുമില്ലാതെ ഈ സമൂഹത്തിനെ സേവിക്കാൻ വേണ്ടി സംഘം എപ്പോഴും ഇവിടെയുണ്ടാ കും.

നഗരങ്ങളിൽ നീന്തൽക്കുളങ്ങളും നീന്തൽ പരിശീലന കേന്ദ്രങ്ങളും ഉണ്ടാകും. എന്നാൽ ഗ്രാമങ്ങളിൽ ഒരു പരിശീലനവും ഉണ്ടാകില്ല. അവി ടെ വെറും വിനോദത്തിനു വേണ്ടി ആൾക്കാർ പുഴകളിലും കുളങ്ങളിലും നീന്തുന്നു. നീന്തൽ കാണാൻ വരുന്നവരെ ആരെങ്കിലും വെള്ളത്തിലേ ക്ക് തള്ളിയിടും. അവർ മുങ്ങിപ്പോകാൻ ആരും അനുവദിക്കില്ല, പക്ഷെ അവർ തന്നത്താൻ വെള്ളത്തിൽ പൊങ്ങിക്കിടക്കാനും നീന്താനും പഠിക്കണം. ഇതാണ് ഞങ്ങൾ അനുവർത്തിക്കുന്ന സ്വാഭാവികമായ വ്യ ക്തിനിർമ്മാണ പ്രക്രിയയും.

നിങ്ങൾ ചോദിക്കുന്നത് സംഘത്തിന്റെ സംഘടനാ ശാസ്ത്രമാണ്. ഇതിൽ എത്ര ശാസ്ത്രമുണ്ടന്ന് എനിക്കറിയില്ല. പക്ഷെ ഇത് നന്നാ യി പ്രവർത്തിക്കുന്നു, ഫലവും ലഭിക്കുന്നു. ഈ പ്രക്രിയ അവസാനി ക്കാതെ, ജീവിതാവസാനം വരെ തുടരുകയാണ്. കാരണം ആരും പൂ ർണ്ണരല്ല. പൂർണ്ണത എന്നത് ചക്രവാളത്തോളം അകലെയാണ്. പ്രവർ ത്തിക്കുക, പഠിക്കുക, എന്നത് അനുസ്യൂതമായ പ്രക്രിയയാണ്. പഠി പ്പിക്കുമ്പോൾ പോലും പഠിക്കുക എന്നതാണത്.അധ്യാപകരിൽനിന്ന്, വിദ്യാർത്ഥികളിൽ നിന്ന്, അപരിചിതരിൽ നിന്ന് അങ്ങനെ എന്തിലും ഏതിലും നിന്ന് പഠിക്കുകയും പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുക എന്നത് വളരെ പ്രധാനമാണ്. ഈ പഠനത്തിന് അവസാനമില്ല, പരിമി തികളുമില്ല. അങ്ങനെ പൂർണ്ണതയിലെത്തുന്നത് വരെ പഠിക്കുക, ഈ ജന്മത്തിൽ കഴിഞ്ഞില്ലെങ്കിൽ അടുത്ത ജന്മത്തിൽ.

ഇക്കാര്യങ്ങളിലൊക്കെ നമ്മുടെ മാതൃക എന്താണ്? നമ്മുടെ പു രാതന ഋഷിപരമ്പരകൾ മുതൽ ഡോ.ഹെഡ്ഗേവാർ വരെ മാതൃകക ളായി നമ്മുടെ മുമ്പിലുണ്ട്. എങ്കിലും യഥാർത്ഥ മാതൃകകൾ എന്നത് ആദർശം തന്നെയാണ്. വ്യക്തികളെ ഒഴിവാക്കി ഭഗവധ്വജത്തെ സം



ഘം ഗുരുവായി സ്വീകരിച്ചിരിക്കുന്നത് അതുകൊണ്ടാണ്. ഡോക്ടർജിക്ക് സ്വയം സംഘത്തിന്റെ ഗുരുവായി വാഴാമായിരുന്നു, എല്ലാ സ്വയംസേവകർക്കും അദ്ദേഹം ആരാധ്യനായിരുന്നു. ഇന്നും അദ്ദേഹത്തിന്റെ ഓർമ്മകൾ ഞങ്ങൾക്കെല്ലാം ആരാധ്യവുമാണ്. ആദ്യ ഗുരുദക്ഷിണ ദിനത്തിൽ എല്ലാ സ്വയംസേവകരും കരുതിയത് തങ്ങൾ ഡോക്ടർജിക്കാണ് ഗുരുദക്ഷിണ അർപ്പിക്കുന്നത് എന്നാണ്. എന്നാൽ ഡോക്ടർജി പറഞ്ഞത് നമ്മുടെ ഗുരു ഭഗവധ്വജമാണ്, ദക്ഷിണ അർപ്പിക്കേണ്ടത് അവിടെയാണ് എന്നാണ്. ഇങ്ങനെയാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്, ഇങ്ങനെയാണ് സംഘം സ്വയംപര്യാപ്തമായത്. ഇങ്ങനെയാണ് സംഘം കാര്യകർത്താക്കളെ സൃഷ്ടിച്ചത്.

സംഘപ്രവർത്തനത്തിനു വേണ്ടി ഞങ്ങൾ ഒരു നയാപൈസ പോലും പുറത്തു നിന്ന് സ്വീകരിക്കില്ല. സ്വയംസേവകർ വർഷത്തിലൊരിക്കൽ ചെയ്യുന്ന ദക്ഷിണയിൽ നിന്നാണ് സംഘം അത് കണ്ടെത്തുന്നത്. ചിലപ്പോൾ സംഘത്തിന് സാമ്പത്തിക ഞെരുക്കം ഉണ്ടാകാറുണ്ട്. പക്ഷേ ഞങ്ങൾ അത് മാനേജ് ചെയ്യുന്നു. ആവശ്യത്തിൽ കൂടുതൽ പണമുണ്ടായാലും പ്രശ്നമാണല്ലോ. സേവനപ്രവർത്തനങ്ങളുടെ കാര്യത്തിൽ സമാജം എന്നും ഒപ്പമുണ്ട്. സ്വയംസേവകർ സമയം കൊണ്ടും പണം കൊണ്ടുമൊക്കെ സമാജകാര്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുമ്പോൾ സമാജം അവരുടെ ഒപ്പം നിൽക്കുന്നു. പക്ഷേ സംഘം പ്രവർത്തിക്കുന്നത് മറ്റൊന്നിന്റേയും സഹായമില്ലാതെ സ്വയമാണ്. അതുകൊണ്ട് ഞങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനും സംസാരിക്കാനും കഴിയുന്നു. ഞങ്ങൾക്ക് സംസാരിക്കാനും സംസാരിക്കാതിരിക്കാനും സ്വാതന്ത്ര്യമുണ്ട്. കാരണം ഞങ്ങൾ പ്രശസ്തിക്ക് പിന്നാലെ പോകാറില്ല. ഞങ്ങൾക്ക് അതാവശ്യവുമില്ല. ഒന്നിനെയും ഭയപ്പെടാതെ മാനവരാശിക്കും, രാഷ്ട്രത്തിനും, വ്യക്തികൾക്കും വേണ്ടി പ്രവർത്തിക്കാൻ സംഘത്തിന് കഴിയുന്നത് അതുകൊണ്ടാണ്.

ഓരോ സ്വയംസേവകന്റെയും ചിന്ത സംഘത്തെ എങ്ങനെയൊക്കെ സേവിക്കാം എന്നാണെങ്കിൽ സംഘത്തിന്റെ ചിന്ത ഓരോ സ്വയംസേവകനെയും എങ്ങനെ വളർത്താം എന്നാണ്. സംഘത്തിന്റെ ഒരു ക്യാമ്പിൽ വെച്ച് ഒരു ഗടനായകനോട് സർസംഘചാലകൻ ചോദിച്ചു, താങ്കളുടെ ഗടയിൽ എത്ര സ്വയംസേവകർ ഉണ്ട് എന്ന്. ഒരു ഇരുപത് ഇരുപത്തഞ്ച് എന്ന് അയാൾ മറുപടി പറഞ്ഞു. സർസംഘചാലകൻ പറഞ്ഞു, നോക്കൂ ഇവർ ഓരോരുത്തരും വ്യക്തികളാണ് ഉരുളക്കിഴങ്ങോ തക്കാളിയോ അല്ല. ഇരുപത് അല്ലെങ്കിൽ ഇരുപത്തഞ്ച് എന്ന് വ്യക്തത ഉണ്ടാകണം. കാരണം ഓരോ വ്യക്തിയും നമുക്ക് പ്രധാനമാണ്. അതായത് ഓരോ സ്വയംസേവകനെയും തുല്യ പ്രാധാന്യത്തോടെ പരിഗണിച്ചാൽ മാത്രമേ നാം നേരിടുന്ന പ്രശ്നങ്ങളെ ശരിയായ രീതിയിൽ അഭിമുഖീകരിക്കാൻ നമുക്ക് കഴിയുകയുള്ളൂ. കൊച്ചു കുട്ടികൾ ശാഖയിൽ വരാറുണ്ട്, അവരെയും വ്യക്തികളായിത്തന്നെ ആണ് കണക്കാക്കുന്നത്. ആരെങ്കിലും വന്നില്ലെങ്കിൽ അയാളുടെ വീട്ടിൽ അന്വേഷിച്ച് പോകും. അയാൾ സംഘത്തിന് കൃത്യമായ സംഭാവന ഒന്നും നല്കുന്നുണ്ടാകില്ല, പക്ഷെ ഒരു വ്യക്തി എന്ന നിലയിൽ ഞങ്ങൾ അയാളെ പ്രാധാന്യത്തോടെ കാണുന്നു. അതായത് ഒരാൾ എല്ലാവർക്കും വേണ്ടിയും എല്ലാവരും ഒരാൾക്കുവേണ്ടിയും എന്ന സമവാക്യമാണത്.

ഒരു ചുമതലയിലേക്ക് ഒരാളെ നിശ്ചയിക്കുമ്പോൾ അയാളുടെ ആദ്യ പ്രതികരണം എന്നേക്കാൾ യോഗ്യതയുള്ള മറ്റെയാൾ അല്ലേ നല്ലത്




എന്നാണ്. എല്ലാ മൂന്നു വർഷത്തിലും സംഘത്തിൽ വിവിധ ചുമതലകളിലേക്ക് തെരഞ്ഞെടുപ്പ് നടക്കാറുണ്ട്. സർസംഘചാലകൻ ഒഴിച്ചുള്ള എല്ലാ ചുമതലകളും തെരഞ്ഞെടുക്കപ്പെടുന്നവരോ നിർദ്ദേശിക്കപ്പെടുന്നവരോ ആണ് വരിക. തെരഞ്ഞെടുപ്പ് വരുമ്പോൾ ഞങ്ങൾക്ക് സ്ഥാനാർത്ഥികളെ ലഭിക്കാറില്ല. ചുമതലയുടെ കാര്യത്തിൽ എല്ലാവരും താൻ വേണ്ട, മറ്റൊരാളെ നോക്കൂ എന്നാണ് പറയുക. എന്നാൽ ഒരു ഉത്തരവാദിത്തം അല്ലെങ്കിൽ വെല്ലുവിളി ഏറ്റെടുക്കാൻ എല്ലാവരും ഓടിയെത്തുകയും ചെയ്യും. നമുക്കറിയാം, വിജയങ്ങൾക്ക് അനേകം അവകാശികൾ ഉണ്ടാകും എന്നാൽ വീഴ്ചകൾ ഏറ്റെടുക്കാൻ ആരുമുണ്ടാകില്ല. പക്ഷെ സംഘത്തിൽ ഇത് നേരെ തിരിച്ചാണ്. എനിക്ക് ഉത്തരവാദിത്തമുണ്ട് എന്നാൽ എനിക്ക് ഒരു ക്രെഡിറ്റും ആവശ്യമില്ല എന്നതാണ് നിലപാട്. ഇത് ഒരു ടീമാണ്, എന്തെങ്കിലും പ്രശസ്തി വരികയാണെങ്കിൽ അത് ഈ ടീമിനാണ് വരിക, വ്യക്തികൾക്കല്ല. ഇതിന് ഒരു ഔദ്യോഗിക പരിവേഷങ്ങളുമില്ലാത്ത വ്യക്തിബന്ധങ്ങൾ ആവശ്യമാണ്. ഇവിടെ ആർക്കും സർസംഘചാലകനോട് എന്ത് ചോദ്യവും ചോദിക്കാം. രസകരമായ ഒരു ഉദാഹരണം പറയാം. ഞാൻ സർകാര്യവാഹ് ആയപ്പോൾ എനിക്ക് നല്ല കൊമ്പൻ മീശ ഉണ്ടായിരുന്നു. ഒരിക്കൽ കാര്യാലയത്തിൽ പ്രബന്ധകനായി വന്നിരുന്ന ഒരു ഒമ്പതാം ക്ലാസ്സുകാരനായ കുട്ടിയോട് ആരോ തമാശയായി, എന്റെ മീശ സ്വാഭാവിക മീശയല്ല അത് വാങ്ങിയതാണ് എന്ന് പറഞ്ഞു. അവൻ എന്നെ സൂക്ഷിച്ചു നോക്കിക്കൊണ്ടേ ഇരുന്നു, ഞാനും കരുതി എന്തിനാണ് ഇവൻ ഇങ്ങനെ സൂക്ഷിച്ചു നോക്കുന്നത് എന്ന്. ഭക്ഷണശേഷം എന്റെ മുറിയിൽ വന്ന അവൻ ഒരു ചോദ്യം ചോദിച്ചോട്ടെ എന്ന് ചോദിച്ചു. ആയിക്കോട്ടെ എന്ന് ഞാൻ പറഞ്ഞു. ആ കുട്ടി എന്നോട് ചോദിച്ചത് ഈ മീശ വാങ്ങിയതാണോ യാഥാർത്ഥമാണോ എന്നാണ്. ഇതൊക്കെ ഇവിടെ സംഭവിക്കാറുണ്ട്. ബാലാസാഹേബ് ദേവറസ്ജി സർസംഘചാലക് ആയിരിക്കെ, അദ്ദേഹം മുറ്റത്ത് നിന്ന് അവിടെ നടക്കുന്ന ശാഖയെ വീക്ഷിക്കുകയായിരു

ന്നു. അപ്പോൾ ശാഖയിൽ ഉണ്ടായിരുന്ന തീരെ ചെറിയ ഒരു വികൃതിക്കുട്ടി എന്തോ കുസൃതി കാണിച്ചപ്പോൾ മുഖ്യശിക്ഷകൻ അവനെ ഒന്ന് ചെറുതായി അടിച്ചു. ആ കുട്ടി പരാതി പറയാൻ ഓടിയെത്തിയത് സർസംഘചാലകന്റെ അടുത്തായിരുന്നു. ഇതെല്ലം ഇവിടെ നടക്കുന്നത്, വ്യവസ്ഥകൾക്ക് എല്ലാം അതീതമായി നമ്മളെല്ലാം സ്വയംസേവകരും സുഹൃത്തുക്കളുമാണ് എന്ന വികാരം ഉള്ളത് കൊണ്ടാണ്. ഈ അനൗപചാരികമായ ബന്ധങ്ങളാണ് സംഘത്തെ ഒരു കുടുംബമായി നിലനിർത്തുന്നത്. ഇതൊരു പരിമിതമായ കുടുംബമല്ല, പകരം സമാജത്തെ സംഘടിപ്പിക്കുന്നതരത്തിൽ വളർന്നുകൊണ്ടേയിരിക്കുന്ന യാഥാർഥ്യമാണ്. സംഘം എന്നത് സമാജത്തിനകത്തുള്ള സംഘടനയല്ല പകരം സമാജത്തെ ഒന്നാക്കി നിർത്തുന്ന സംഘടനയാണ്.മുൻപ് പറഞ്ഞ ദൗത്യങ്ങൾ സമാജം ഏറ്റെടുക്കാത്ത കാലത്തോളം നമ്മൾ ഉദ്ദേശിക്കുന്ന ലക്ഷ്യപൂർത്തീകരണം സാധ്യമാവുകയില്ല. സംഘടന എത്ര ശക്തിമത്തായാലും സമാജം ഏറ്റെടുക്കുന്നില്ല എങ്കിൽ അത് അസാധ്യമാണ്. സമാജത്തിലെ ഓരോ വ്യക്തിയും രാഷ്ട്രത്തിനു വേണ്ടി പ്രവർത്തിക്കാനും ത്യാഗം ചെയ്യാനും തയ്യാറായാൽ മാത്രമേ രാഷ്ട്രം പുരോഗമിക്കുകയുള്ളൂ. അതുകൊണ്ട്, സംഘം എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നു, ആ ഹിന്ദുസമാജം ലോകത്തെ ഉൾക്കൊള്ളുന്നു.

സംഘം സമാജത്തെ സംഘടിപ്പിക്കുന്നു, നല്ല വ്യക്തികളെ സൃഷ്ടിക്കുന്നു, അവർ എല്ലാ കാര്യങ്ങളും ചെയ്യുന്നു. സംഘം നല്ല കാര്യങ്ങൾ പഠിപ്പിക്കുക മാത്രമേ ചെയ്യാറുള്ളൂ, ബലമായി മാറ്റാൻ ശ്രമിക്കാറില്ല. അവരവരുടെ നല്ല ഗുണങ്ങളും കരുത്തും കൊണ്ട് സ്വയം വികസിക്കാനും മാനവരാശിയുടെ വികാസത്തിന് വേണ്ടി പ്രവർത്തിക്കാനും പ്രേരിപ്പിക്കുന്നു. ഇങ്ങനെയാണ് സംഘം പ്രവർത്തിക്കുന്നത്, ഇത് ഞങ്ങളുടെ രക്തത്തിലുള്ളതാണ്. അതുകൊണ്ടാണ് അത് സമൂഹത്തിന് നൽകാൻ സാധിക്കുന്നത്. അതുകൊണ്ടാണ് സമാജത്തിന്റെ സമഗ്രനന്മക്ക് വേണ്ടി ഈ സംഘടന അത്യാവശ്യമാണെന്ന് പറയുന്നത്.

അതായത്, നല്ല വ്യക്തികൾക്ക് വേണ്ടി കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക. അവരുടെ കഴിവുകളെ വിലയിരുത്തണം, അതിനനുസരിച്ചുള്ള ഉത്തരവാദിത്തങ്ങൾ അവരെ ഏൽപ്പിക്കണം. ആ ഉത്തരവാദിത്തങ്ങൾ ഫലത്തിനുവേണ്ടിയല്ല പകരം ആ വ്യക്തിയുടെ വികാസത്തിനുവേണ്ടിയാകണം. സംഘത്തിൽ ഞങ്ങൾക്ക് ചുമതലകൾ ലഭിക്കുന്നത് ഞങ്ങൾക്ക് കഴിവുണ്ടായിട്ടല്ല, പകരം ആ ചുമതലകൾ ഞങ്ങളെ കഴിവുള്ളവരാക്കും എന്നത് കൊണ്ടാണ്. അങ്ങനെ ഓരോരുത്തർക്കും അനുയോജ്യമായ ചുമതലകൾ കൊടുത്ത് അവരെ ഉയർത്തിക്കൊണ്ടുവരുന്നു. അതുമാത്രമല്ല അവരെ ഞങ്ങൾ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കുകയും ചെയ്യുന്നു. രാഷ്ട്രീയത്തിൽ ഒരാൾ താഴെ തട്ടിൽ നിന്നും ഉയർന്നു വന്നാൽ മറ്റുള്ളവർ അയാളെ എങ്ങനെയും ഒതുക്കാൻ ആണ് ശ്രമിക്കുക. എന്നാൽ സംഘത്തിൽ ഒരിക്കലും അങ്ങനെയല്ല.

ഞാൻ ഒരു ബാലസ്വയംസേവകൻ ആയിരിക്കെ ഒരു ജില്ലാ പ്രചാരകൻ ഉണ്ടായിരുന്നു. അദ്ദേഹമാണ് എന്നോട് ആദ്യമായി ഡോക്ടർജിയെപ്പറ്റി പറഞ്ഞുതന്നത്. ഞാൻ കുസൃതികൾ കാട്ടിയപ്പോഴും ശാഖയിൽ വരാതെ ഇരുന്നപ്പോഴുമെല്ലാം അദ്ദേഹം എന്നെ ശകാരിച്ചിട്ടുണ്ട്. തൊണ്ണൂറ്റൊമ്പത് വയസ്സുള്ള അദ്ദേഹം ഇപ്പോഴും നാഗ്പൂരിൽ ഉണ്ട്. അദ്ദേഹം പ്രാന്തീയ തലത്തിലുള്ള ചുമതല വരെയേ ഇരുന്നിട്ടുള്ളൂ. പക്ഷെ ഞാൻ സർസംഘചാലക് ആയി. പക്ഷെ അതിൽ അദ്ദേഹത്തി

ന് ഒരു വിഷമവുമില്ല, ഞങ്ങൾ ഇപ്പോഴും നല്ല ബന്ധം തുടരുന്നു. അദ്ദേഹം എന്റെ ജില്ലാ പ്രചാരകനായിരുന്നു എന്ന് ഒരിടത്തും പറയാറില്ല. നമ്മൾ വളർത്തിക്കൊണ്ടുവന്ന ഒരു സ്വയംസേവകൻ ഉയരങ്ങളിലേക്ക് പോകുമ്പോഴുള്ള സംതൃപ്തി പറഞ്ഞറിയിക്കാൻ പ്രയാസമാണ്.

ഇങ്ങനെയൊക്കെയാണ് സംഘം പ്രവർത്തിക്കുന്നത്. ഇതിലെത്ര ശാസ്ത്രമുണ്ടന്ന് എനിക്കറിയില്ല. പക്ഷെ എല്ലാ ശാസ്ത്രത്തിലും കുറച്ചു കല വേണം എന്ന് ഞാൻ വിശ്വസിക്കുന്നു. അതുപോലെ എല്ലാ കലയിലും ശാസ്ത്രവും വേണം. സത്യം, ശിവം, സുന്ദരം എന്ന ആപ്തവാക്യം അറിയാമല്ലോ. സത്യം എന്നത് ശാസ്ത്രമാണെങ്കിൽ കല സുന്ദരമാണ്, ഇവ പരസ്പരപൂരകമാകുമ്പോഴാണ് ശിവം എന്ന അവസ്ഥയിൽ എത്തുക. ഇങ്ങനെയുള്ള, ലോകസംഗ്രഹം എന്ന ആദർശത്തിൽ ഉറച്ചു, സമ്പർക്കങ്ങളിലൂടെ സുഹൃത്തുക്കളെ സൃഷ്ടിച്ചാണ് സംഘം പ്രവർത്തിക്കുന്നത്. ഇങ്ങനെയാണ് ഞങ്ങൾ ഹൃദയങ്ങളിലേക്ക് ചേക്കേറുന്നത്, ഇങ്ങനെയാണ് മറ്റുള്ളവർ ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് വരുന്നതും. സംസാരിക്കാതെ തന്നെ മറ്റുള്ളവരുടെ ചിന്തകളും മനസ്സുകളും അറിയുന്നു..അങ്ങനെയാണ് ഞങ്ങൾ സമ്പർക്കം ചെയ്യുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. ചെറിയ പ്രവൃത്തികളിലൂടെ ഞങ്ങൾ സംസ്കാരത്തിന്റെ പാഠങ്ങൾ പകരുന്നു, അത് സ്വഭാവമായി മാറുന്നു, സ്വഭാവം ഗുണങ്ങളായി മാറുന്നു, ഗുണങ്ങൾ സംസ്കാരമായി മാറുന്നു. ഇങ്ങനെയാണ് വ്യക്തികളും അതിലൂടെ രാഷ്ട്രസ്വഭാവവും സംഘശാഖകളിൽ രൂപപ്പെടുന്നത്. ഈ വ്യക്തികൾക്ക് നമ്മൾ ചുമതലകൾ കൊടുക്കുമ്പോൾ അനുഭവങ്ങളിലൂടെ അയാൾ കൂടുതൽ പഠിക്കുന്നു. ക്ലാസ്സ് റൂമുകൾക്ക് പുറത്ത് യാഥാർത്ഥ്യങ്ങളിൽ നിന്നാണ് അയാൾ പഠിക്കുക.

കേരളത്തിൽ സംഘപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച ദത്തോപാന്ത് ഠേംഗ്ഡിജി എന്നോട് അദ്ദേഹത്തിന്റെ ആദ്യകാല അനുഭവം പറയുകയുണ്ടായി. കേരളത്തിലേക്ക് വരുന്നതിനു മുമ്പ് അദ്ദേഹം ചെന്നൈയിലേക്കാണ് പോയത്. അവിടെ ദാദാജി പരമാർത്ഥ് ഉണ്ടായിരുന്നു. രാവിലെ ജിടി എക്സ്പ്രസ്സിൽ ചെന്നൈയിൽ ഇറങ്ങിയ അദ്ദേഹത്തോട് ഉച്ച കഴിഞ്ഞുള്ള ട്രെയിനിൽ കേരളത്തിലേക്ക് പോകാൻ ദാദാജി ആവശ്യപ്പെട്ടു. അപ്പോൾ ഠേംഗ്ഡിജി പറഞ്ഞു, എനിക്കൊന്നുമറിയില്ല, എനിക്ക് ഭാഷയറിയില്ല, ഞാൻ പുതിയതാണ്.. ഞാൻ എങ്ങനെ പോകും. അപ്പോൾ ദാദാജി പറഞ്ഞ മറുപടി, അറിയില്ല എങ്കിൽ പ്രവർത്തിച്ചു പഠിക്കുക എന്നാണ്. അങ്ങനെയാണ് സംഘം പ്രവർത്തിക്കുന്നത്. ഈ രീതി ഫലപ്രദമാണ് എന്ന് കാലം തെളിയിക്കുകയും ചെയ്തിട്ടുണ്ട്.

ഇതാണ് സംഘപ്രവർത്തനം എന്ന് പറയുന്നത്. നിങ്ങൾക്കിതിനെ സംഘടനാശാസ്ത്രമെന്നു വിളിക്കാം, ശാസ്ത്രീയ കല എന്നോ കലയിലെ ശാസ്ത്രീയത എന്നോ വിശേഷിപ്പിക്കാം. എന്ത് പേരിട്ടുവിളിച്ചാലും ഈ രീതി ഫലപ്രദമായിത്തന്നെ പ്രവർത്തിക്കുന്നു. എന്തുകൊണ്ടെന്നാൽ, സമാജസേവനം, രാഷ്ട്രത്തിന്റെ ഉന്നമനം, അതിലൂടെ ലോകസമാധാനം, മാനവരാശിയുടെ പുരോഗതി എന്നതല്ലാതെ മറ്റൊരു ലക്ഷ്യവും സംഘത്തിനില്ല.

•



# ഭേദഭാവന നിര്‍മ്മാര്‍ജനം ചെയ്യണം

***ഐതിഹാസികമായ വൈക്കംസത്യഗ്രഹത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് സംഘടിപ്പിച്ച സാംഘിക്കില്‍ രാഷ്ട്രീയ സ്വയംസേവകസംഘത്തിന്റെ മാനനീയ സര്‍കാര്യവാഹ്***
***ദത്താത്രേയ ഹൊസബാളെ***
***നടത്തിയ ബൗദ്ധിക്.***

രാഷ്ട്രീയ സ്വയംസേവക സംഘം കേരളത്തില്‍ സര്‍വ്വത്ര ചിരപരിചിതമാണ്. നാഗപ്പൂരില്‍ ആരംഭിച്ച രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ പ്രവര്‍ത്തനം ഏകദേശം നൂറ് വര്‍ഷമായി അനുസ്യൂതം നടന്നുകൊണ്ടിരിക്കുന്നു. 1942 മുതല്‍ കേരളത്തിലും സംഘകാര്യം നിരന്തരം നടക്കുന്നു. സമൂഹത്തിന്റെ എല്ലാതലങ്ങളില്‍ നിന്നും വിഭാഗങ്ങളില്‍ നിന്നും ഉള്ള വ്യക്തികള്‍ ഇതിനോടകം സംഘത്തിന്റെ ഭാഗമായിക്കഴിഞ്ഞു. വിവിധ സമൂഹങ്ങളിലെ ഒട്ടനവധി മഹത് വ്യക്തിത്വങ്ങള്‍ പലപ്പോഴായി സംഘത്തിന് ശുഭാശംസകള്‍ നേര്‍ന്നിട്ടുണ്ട്. സമൂഹത്തിലെ ഒട്ടനേകം വിശിഷ്ട വ്യക്തിത്വങ്ങളോടൊന്നിച്ച് പ്രവര്‍ത്തിക്കാനും നമുക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്. സംഘത്തിന്റെ മഹത്വവും

മർമ്മവും അറിഞ്ഞുകൊണ്ട് അത് സമാജത്തെ പറഞ്ഞ് മനസ്സിലാക്കുവാനുള്ള പരിശ്രമവും അവർ കേരളത്തിൽ നടത്തിയിട്ടുണ്ട്. അവർക്കെല്ലാവർക്കും രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ഭാഗത്തുനിന്നുള്ള ഹൃദയം നിറഞ്ഞ കൃതജ്ഞത അറിയിച്ചുകൊള്ളട്ടെ.

ഇവിടെ ലക്ഷക്കണക്കിന് വ്യക്തികൾ സംഘത്തിൽ സ്വയംസേവകരായും കാര്യകർത്താക്കളായും പ്രവർത്തിച്ചുകൊണ്ട് ഹിന്ദു സമാജത്തെ സംഘടിപ്പിക്കുകയും അതുവഴി ഭാരതത്തെ പരമവൈഭവത്തിന്റെ ശിഖരങ്ങളിൽ എത്തിക്കാനുള്ള സ്വപ്നത്തിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടി അഹർനിശം നിലകൊണ്ടിട്ടും ഉണ്ട്. സമാജത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിച്ചുകൊണ്ട് സംഘത്തിന്റെ കാഴ്ചപ്പാട് സ്വന്തം ജീവിതത്തിലൂടെ കാണിച്ചുകൊടുത്ത നിരവധി സ്വയംസേവകർ കേരളത്തിൽ ഉണ്ട്. ഈ സംഘപ്രവർത്തനപഥത്തിൽ ഒരുപാട് കാര്യകർത്താക്കൾക്ക് സംഘകാര്യം മുന്നോട്ടുകൊണ്ടുപോകാൻ സ്വന്തം ജീവൻ പോലും ബലികൊടുക്കേണ്ടിവന്നിട്ടുണ്ട്.

രാഷ്ട്രീയ സ്വയംസേവക സംഘത്തിന് പലവിധത്തിലുള്ള കാര്യക്രമങ്ങൾ ഉണ്ട്. ദൈനംദിനം നടക്കുന്ന ശാഖ കൂടാതെ സമാജത്തിലുള്ള വിവിധ വ്യക്തികൾക്ക് സംഘത്തിന്റെ ആശയം എത്തിക്കുന്നതിനുള്ള മറ്റു പല കാര്യക്രമങ്ങളും സമയാസമയങ്ങളിൽ സംഘം നടത്താറുണ്ട്. ഇന്ന് ഇവിടെ നടക്കുന്ന ഒത്തുചേരൽ അത്തരത്തിലുള്ള ഒരു കാര്യക്രമമാണ്. ഇന്നത്തെ ഈ സാംഘിക്കിന്റെ മഹത്വവും സാഹചര്യവും നമ്മുടെ വിഭാഗ് കാര്യവാഹ് ആമുഖമായി പറഞ്ഞു. ഐതിഹാസികമായ വൈക്കം സത്യഗ്രഹത്തിന്റെ നൂറാം വാർഷികത്തിന്റെ സ്മരണക്കാണ് ഈ കാര്യക്രമം സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. ഈ കാര്യക്രമത്തിന് രണ്ട് ഉദ്ദേശ്യമാണ് ഉള്ളത്. ഒന്ന്; നമ്മുടെ സമാജത്തിൽ പരിവർത്തനം സൃഷ്ടിക്കാൻ വേണ്ടിയും തൊട്ടുകൂടായ്മ പോലുള്ള കളങ്കങ്ങളെ ഇല്ലായ്മ ചെയ്യാൻ വേണ്ടിയും നടന്ന ഐതിഹാസികമായ ആ മഹാ സത്യഗ്രഹത്തിന് നേതൃത്വം കൊടുത്ത കെ.കേളപ്പൻ, ടി.കെ.മാധവൻ, മന്നത്ത് പത്മനാഭൻ തുടങ്ങിയ മഹാരഥന്മാരോടും കൂടാതെ സത്യഗ്രഹത്തിൽ സക്രിയമായി പങ്കെടുത്ത സർവ്വസാധാരണക്കാരോടും ഹിന്ദു സമാജത്തിന്റെ പേരിലുള്ള കൃതജ്ഞത രേഖപ്പെടുത്തുക എന്നതാണ്.

രണ്ടാമത്തെ ഉദ്ദേശ്യം; എന്തു കാരണത്താലാണോ അക്കാലത്ത് സത്യഗ്രഹം നടത്തേണ്ടി വന്നത് എന്നും സാമാജിക സമരസതയും ഏകതയും സ്ഥാപിക്കുവാൻ നാമെല്ലാം ഒന്നാണെന്നും നമ്മുടെ ഉള്ളിൽ ഭേദചിന്തകളോ കാലുഷ്യങ്ങളോ പാടില്ല എന്നും പുനഃസങ്കൽപം ചെയ്ത് മുന്നോട്ട് പോകുവാൻ വേണ്ടി കൂടിയാണ് ഈ ഐതിഹാസിക വർഷത്തിൽ വൈക്കം കായലിനെ സാക്ഷിയാക്കി നാം ഒത്തുകൂടുന്നത്. സംഘകാര്യത്തിന്റെ ഉദ്ദേശ്യവും ഇതൊക്കെത്തന്നെയാണ്. സമാജത്തിൽ ഏതെങ്കിലും തരത്തിലുള്ള ഉച്ചനീചത്വങ്ങളോ മുന്നാക്ക പിന്നാക്ക ചിന്താഗതികളോ തൊട്ടുകൂടായ്മ പോലുള്ള ഭേദഭാവങ്ങളോ ഇല്ലാതെ, നാമെല്ലാം ഭാരതാംബയുടെ മക്കൾ ആണെന്നും അതിനാൽ സാഹോദര്യഭാവത്താൽ നാം ഒറ്റ സമൂഹമായി സംഘടിതമായി നിലകൊള്ളണമൊന്നും സംഘം ആഗ്രഹിക്കുന്നു. ഈ സാമാജിക സമരസതയാണ് സംഘ പ്രവർത്തനത്തിന്റെ ആധാരം. ആയതിനാൽ സ്വാഭാവികമായും എല്ലാ സ്വയംസേവകർക്കും ഐതിഹാസികമായ വൈക്കം സത്യഗ്രഹം നിരന്തര പ്രേരണദായകമാണ്.

1924–25 കാലഘട്ടത്തിലാണ് വൈക്കം സത്യഗ്രഹം നടന്നതെന്ന് നമു

ക്കെല്ലാവർക്കും അറിയാം. അതിന് ആറുവർഷത്തിന് ശേഷം 1931–ൽ ഗുരുവായൂരിൽ ക്ഷേത്രപ്രവേശത്തിനുള്ള സത്യഗ്രഹം നടന്നുവെന്നും നമുക്കറിയാം. അതേ വർഷം, അതായത് 1931–ൽ മഹാരാഷ്ട്രയിലെ രത്നഗിരിയിൽ ഇതുപോലെതന്നെ ക്ഷേത്രപ്രവേശനത്തിനായുള്ള മറ്റൊരു അത്ഭുത സംഭവം നടന്നു. ആ സമയം വീരവിനായക ദാമോദര സവർക്കർ അവിടെ വീട്ടുതടങ്കലിൽ ആയിരുന്നു. ജയിൽ മോചിതനായതിനുശേഷം രത്നഗിരി ജില്ലയിൽ നിന്ന് പുറത്തു കടക്കരുത് എന്ന വ്യവസ്ഥയിൽ ബ്രിട്ടീഷ് സർക്കാർ അദ്ദേഹത്തെ അവിടെ പാർപ്പിച്ചിരിക്കുകയായിരുന്നു. അവിടെയാണ് സവർക്കറിന്റെ പ്രേരണയാൽ മേൽപ്പറഞ്ഞ സംഭവം നടന്നത്. ബോംബെയിൽ നിന്നുള്ള ഒരു വ്യാപാരി സമാന മനസ്കരുടെ സഹായത്തോടെ രത്നഗിരിയിൽ ഒരു ക്ഷേത്രം നിർമ്മിക്കുകയുണ്ടായി. ക്ഷേത്ര നിർമ്മാണത്തിന്റെ കാരണം ആരാഞ്ഞാൽ, ഹിന്ദു സമാജത്തിന്റെ ദൗർഭാഗ്യത്താൽ ചില സവർണ വിഭാഗത്തിൽ പെട്ടവർ മറ്റ് പിന്നാക്ക വിഭാഗത്തിൽ പെട്ടവരെയും ദളിതരെയും അവിടുത്തെ ഗണേശോൽസവത്തിൽ പങ്കെടുക്കാൻ അനുവദിച്ചിരുന്നില്ല എന്നതാണെന്ന് മനസ്സിലാക്കുവാൻ സാധിക്കും. ഈ പ്രവേശന വിലക്കിനെതിരെ സവർക്കർ അവിടെ ക്ഷേത്രം നിർമ്മിക്കുകയും ഈ വഞ്ചിതരായ ഹിന്ദുക്കൾക്ക് അവിടെ പ്രവേശിച്ച് ആരാധന നടത്തുവാനുള്ള ഏർപ്പാടുകൾ നടത്തുകയും ചെയ്തു. സവർക്കറിന്റെ പ്രേരണയാൽ 'പതിത പാവനമന്ദിർ' എന്ന പ്രസ്തുത ക്ഷേത്രം നിലവിൽ വന്നു. ഹിന്ദു സമാജത്തിലെ പതിതർ എന്ന് അറിയപ്പെട്ടിരുന്നവർ പതിതരല്ല; മറിച്ച് പാവനരാണ് എന്ന സന്ദേശം നൽകാനായി ക്ഷേത്രത്തിന്റെ ഉദ്ഘാടനചടങ്ങിൽ ശോഭായാത്രക്ക് ശേഷം ഹിന്ദു സമാജത്തിലെ സവർണാവർണ ഭേദമില്ലാതെ, ഉച്ചനീചത്വ ഭാവങ്ങളില്ലാതെ സർവ്വർക്കും പ്രവേശനം ലഭ്യമാക്കി. സവർക്കർ ഹിന്ദുത്വ ആശയങ്ങളെ മുഴുവൻ ലോകത്തിന്റെയും മുന്നിൽ വച്ചത് ഇങ്ങനെയാണ്. സാമാജിക സമരസതയുടെ ഈ ഐതിഹാസിക കാര്യത്തെ മുന്നോട്ട് കൊണ്ടുപോകേണ്ടത് സമാജത്തിന്റെ വൈഷമ്യങ്ങളെ ദൂരികരിച്ചുകൊണ്ടാണ്. ഇതാണ് ഹിന്ദുത്വത്തിന്റെ ആധാരശില.

സംഘകാര്യത്തെ ഹിന്ദു സമാജത്തിന്റെ സംഘാടനം എന്നാണ് നാം പൊതുവെ പറയാറുള്ളത്. നാം പ്രതിദിനം സംഘശാഖയിൽ, കാര്യക്രമങ്ങളിൽ ഒന്നും ഭേദഭാവനകൾ കാട്ടാറില്ല. വർഷങ്ങളായി ഒന്നിച്ച് പ്രവർത്തിക്കുന്ന സ്വയംസേവകർ പോലും അപരന്റെ ജാതി ഏതെന്ന് അറിയാറില്ല. ഇപ്രകാരം ദൈനംദിന ആചരണത്തിലൂടെയും വ്യവഹാരത്തിലൂടെയും സമാജത്തിലും സ്വന്തം കുടുംബത്തിലും ഹിന്ദു സമാജത്തിനേറ്റ ഈ കളങ്കത്തെ... ശാപത്തെ.. കഴുകിക്കളഞ്ഞ് അതിനെ തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങളിൽ നിന്ന് മോചിപ്പിക്കുവാനുള്ള പരിശ്രമങ്ങൾ സ്വയം സേവകരിലൂടെ ദിവസവും നടന്നു കൊണ്ടിരിക്കുന്നു.

പലതരത്തിലുള്ള മഹത്വമാർന്ന ഇടപെടലുകളും സമയാസമയങ്ങളിൽ സംഘത്തിന്റെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. 1966ൽ പ്രയാഗ്‌രാജിൽ കുംഭമേള നടന്നപ്പോൾ ഹിന്ദു സമാജത്തിലെ വിവിധ സന്ന്യാസി മഠങ്ങളുടെ മഹാമണ്ഡലേശ്വരന്മാർ സാമുദായിക ആചാര്യന്മാർ, ധാർമിക ഗുരുക്കന്മാർ എന്നിവർ പങ്കെടുത്ത മഹാസമ്മേളനം വിശ്വഹിന്ദു പരിഷത്തിന്റെ കാർമ്മികത്വത്തിൽ നടക്കുകയുണ്ടായി. സംഘത്തിന്റെ രണ്ടാമത്തെ സർസംഘചാലക് ആയിരുന്ന പൂജനീയ ഗു

രുജി ഈ സമ്മേളനത്തിൽ 'ന ഹിന്ദു പതിതോ ഭവേത്' (ഒരു ഹിന്ദുവും പതിതനല്ല) എന്ന ആപ്തവാക്യം ഹിന്ദു ധാർമിക ഗുരുക്കന്മാരെക്കൊണ്ട് പ്രഖ്യാപിക്കുകയുണ്ടായി. അതുപോലെ 1969-ൽ കർണാടകയിലെ ഉഡുപ്പിയിൽ ഒരു മഹാ സമ്മേളനം നടക്കുകയുണ്ടായി. 'ഹിന്ദവ: സോദരാ സർവ്വേ' (ഹിന്ദുക്കളെല്ലാവരും സഹോദരരാണ്) എന്ന പ്രഖ്യാപനം അവിടെ വച്ച് നേതൃത്വത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായി. ഇത്തരത്തിലുള്ള ഐതിഹാസികമായ സമ്മേളനങ്ങളിലൊക്കെ ഉണ്ടായ ഹിന്ദു സമാജത്തിലെ കളങ്കങ്ങൾ" കഴുകിക്കളയാനുതകുന്ന തീരുമാനങ്ങളിൽ സംഘം പിന്തുണകൊടുത്ത് ഉറച്ചുനിന്നു. ഇത്തരത്തിൽ നമുക്കറിയാം, വരുന്ന മകരസംക്രാന്തി പിന്നിടുമ്പോൾ അയോദ്ധ്യയിൽ ഭഗവാൻ ശ്രീരാമചന്ദ്രന്റെ ഭവ്യക്ഷേത്രത്തിൽ പ്രാണപ്രതിഷ്ഠ നടക്കാൻ പോവുകയാണ്. ഈ ക്ഷേത്രത്തിനായുള്ള പ്രക്ഷോഭകാലത്ത് 1989ൽ അയോദ്ധ്യയിൽ ശിലാന്യാസം നടന്നിരുന്നു. ഈ കാര്യക്രമത്തിൽ അവശ ജനവിഭാഗത്തിൽ നിന്നുള്ള രാമേശ്വർചൗപാൽ ആണ് ശിലാന്യാസം നടത്തിയത്. ഇന്നും അദ്ദേഹം രാമജന്മഭൂമി തീർത്ഥക്ഷേത്ര ട്രസ്റ്റി എന്ന നിലയിൽ സജീവമായി പ്രവർത്തിക്കുന്നു.

ആയിരക്കണക്കിന് വർഷങ്ങളായി ഹിന്ദുസമാജത്തിന്റെ തന്നെ ഉള്ളിൽ നിന്നു വളർന്നുവന്നിട്ടുള്ള നവോത്ഥാന നായകർ, സന്ന്യാസി വര്യന്മാർ, മഹാപുരുഷർ എന്നിവർ സമാജത്തിനുള്ളിലെ ഭേദഭാവനകൾ, കുറവുകൾ, ദോഷങ്ങൾ എന്നിവ പരിഹരിക്കാനുള്ള പ്രയത്നങ്ങൾ നടത്തിയിട്ടുണ്ട്. സംഘമാവട്ടെ, ഇവരിൽ നിന്നൊക്കെയുള്ള പ്രേരണകൾ ഉൾക്കൊണ്ടു കൊണ്ടാണ് മുന്നോട്ട് പോവുന്നത്. സംഘം ഒരു ലക്ഷത്തിലധികം ചെറുതും വലുതുമായ സേവന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പിന്നാക്ക സമൂഹത്തിൽ ജനിച്ചു എന്ന കാരണത്താൽ ദാരിദ്ര്യത്തിലും കഷ്ടതയിലും കഴിയുന്ന നിരവധിയനവധി സഹോദരന്മാർക്ക് ആരോഗ്യം, വിദ്യാഭ്യാസം, സ്വാശ്രയം, സംസ്കാരം എന്നീ തലങ്ങളിൽ വിവിധങ്ങളായ സേവനങ്ങൾ സ്വയംസേവകർ വർഷം മുഴുവനും ചെയ്യുന്നു. കുറച്ചു നാൾ മുമ്പ് നമ്മുടെ പൂജനീയ സർസംഘചാലക് സ്വയംസേവകരോടും പൊതുസമൂഹത്തോടുമായി പറഞ്ഞു, ഏതെങ്കിലും ഗ്രാമത്തിൽ ക്ഷേത്രം, ജല സ്രോതസ്സുകൾ, ശ്മശാനം എന്നിവ എല്ലാവർക്കും ആയി അനുവദനീയമല്ലെങ്കിൽ അത് എല്ലാവർക്കുമായി ജാതി ഭേദമന്യേ തുറന്നു കൊടുക്കേണ്ടതാണ് എന്ന്. ഇതിനായി നാം (സ്വയംസേവകർ) രാജ്യമെങ്ങും പ്രവർത്തിക്കേണ്ടതാണ് എന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ ഇങ്ങനെയൊരു സ്ഥിതി ഇല്ലായിരിക്കാം; പക്ഷെ, ഉത്തര ഭാരതത്തിൽ അത്തരം സ്ഥിതി ഇന്നും നിലവിലുള്ള പ്രദേശങ്ങൾ ഉണ്ട്.

സ്വന്തം സമാജത്തിലെ ഇത്തരം കളങ്കങ്ങൾ നീക്കി സമാജത്തെ സാമർത്ഥ്യശാലിയും സ്വാവലംബിയും ശക്തിസമ്പന്നവുമായ ഹിന്ദുസമാജമായി പടുത്തുയർത്തേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു സമർത്ഥ-സംഘടിത ഹിന്ദു സമാജത്തെ ഭാരതത്തിന് മാത്രമല്ല വിശ്വത്തിലെ മുഴുവൻ മാനവികതക്കും ആവശ്യമുണ്ട്. ഇങ്ങനെയുള്ള സംഘടിത സമാജം വഴിയാണ് മാനവികതക്ക് ഉത്ഥാനം (വളർച്ച) ഉണ്ടാവുക. ഇതാണ് നമ്മുടെ വൈശിഷ്ട്യം. ഉദാഹരണത്തിന് ഭാരതത്തിന്റെ ഈ രാഷ്ട്ര ബോധം/ദേശീയ ബോധം ശക്തമാകുമ്പോൾ വിശ്വം മുഴുവനുള്ള മനുഷ്യർ നമ്മെ സ്വീകരിക്കാൻ തയ്യാർ ആകും എന്ന് കാണാൻ സാധിക്കും. ഈയിടെ ജി-20 സമ്മേളനങ്ങളുടെ സമാപനം ദൽഹിയിൽ നടന്നപ്പോൾ ലോക



രാജ്യങ്ങൾക്ക് നാം കൊടുത്ത സന്ദേശം 'വസുധൈവ കുടുംബകം' എന്നായിരുന്നു. മുഴുവൻ വിശ്വവും ഒരു കുടുംബമാണ് എന്നും 'ഒരു ഭൂമി ഒരു കുടുംബം ഒരു ഭാവി' എന്നും നാം അവരോട് ഉദ്ഘോഷിച്ചു. രണ്ടു വർഷം മുമ്പ് കോവിഡ് മഹാമാരി ഒരു വലിയ വെല്ലുവിളിയായി ഉയർന്നു വന്നു. ആ അവസരത്തിൽ ലോകത്തിന് മുഴുവൻ വാക്സിൻ കൊടുക്കാൻ ഭാരതം തയ്യാറായി. ഭാരതം സമർത്ഥശാലിയും സംഘടിതവും ആയി മാറിയപ്പോൾ ആണ് ഇത് സാധ്യമായത്. അതിനാൽ എല്ലാ ഭേദഭാവങ്ങളും മറന്ന് ഒരു രാഷ്ട്രപുരുഷൻ എന്ന നിലയിൽ നിവർന്നു നിൽക്കേണ്ടതുണ്ട്. ഇതേ മാർഗ്ഗം തന്നെയാണ് സ്വാമി വിവേകാനന്ദനും നമുക്ക് കാട്ടിത്തന്നിട്ടുള്ളത്. ഭാരതത്തിലെ ഹിന്ദു സമാജം സംഘടിതമാവണം എന്ന് അദ്ദേഹം നമ്മെ ഓർമ്മിപ്പിച്ചു. അദ്ദേഹത്തിന്റെ ശിഷ്യയായിരുന്ന ഭഗിനി നിവേദിതയും ഇതുതന്നെ പറഞ്ഞിട്ടുണ്ട്. "ഹിന്ദു സമാജത്തിലെ എല്ലാവരും ആഴ്ചയിൽ ഒരിക്കൽ അവരവരുടെ ഗ്രാമത്തിലോ നഗരത്തിലോ ഒന്നിച്ചു കൂടിയാൽ അതിൽ നിന്നൊരു അത്ഭുത ശക്തി ഉരുവാകും. എല്ലാവരുടെയും ഇടയിലുള്ള ഭേദഭാവം അപ്രത്യക്ഷമാവും. അവരിൽ സ്വാഭിമാനം ജനിക്കും. ഭാരതം ഒരിക്കൽ കൂടി ഉയർത്തെഴുന്നേൽക്കും. സംഘം ഈ പ്രേരണയാൽ ഇന്ന് രാജ്യത്തുടനീളം പ്രതിദിനം ആയിരക്കണക്കിന് ശാഖകൾ നടത്തിക്കൊണ്ട് ഹിന്ദു സമാജത്തിന്റെ സംഘടിത ശക്തി സാധ്യമാക്കാൻ പ്രയത്നിക്കുകയാണ്.

ഭാരതത്തെ ശക്തിസമ്പന്നവും സംസ്കാരസമ്പന്നവും സാമർത്ഥ്യസമ്പന്നവും ആക്കിത്തീർക്കാനുതകുന്ന ഒരു സംഘടനയെയാണ് സംഘം വിഭാവനം ചെയ്യുന്നത്. ഇതിൽ നിന്ന് സമാജത്തിനാവശ്യം വരുമ്പോൾ അവിടെ സേവന തത്പരരായി ഇറങ്ങി പ്രവർത്തിക്കുന്ന യുവാക്കളുടെ സംഘങ്ങൾ ഉണ്ടാവും. ഇന്ന് ഗ്രാമഗ്രാമാന്തരങ്ങളിലും നഗരപ്രദേശങ്ങളിലും സമാജോന്നതിക്കായി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന യുവാക്കളെ നാം കാണുന്നു. സമാജത്തിന്റെ സംഘടനയിലൂടെ സേവനം സാധ്യമാവുകയും അതിലൂടെ രാഷ്ട്രവൈഭവം ഉണ്ടാവുകയും ചെയ്യുന്നു. സംഘടനയിലൂടെ കേവലം സേവനം മാത്ര



മല്ല. സമാജ സുരക്ഷയും സംഭവിക്കുന്നു. ഹിന്ദു സമാജത്തിനു മുന്നിൽ ഒട്ടനവധി പ്രശ്നങ്ങൾ ഉയർന്നു വരുന്നുണ്ട്. സംഘടിതശക്തികൊണ്ട് മാത്രമേ സമാജത്തെ സുരക്ഷിതമാക്കാൻ സാധിക്കൂ. ആയതിനാൽ സംഘസ്വയംസേവകർ സമാജത്തിന്റെ വിവിധ മാർഗ്ഗങ്ങളിലുള്ള സമുദായ നേതൃത്വവുമായി നിരന്തര സമ്പർക്കം പുലർത്തണം. "സംഗച്ഛധ്വം സവദധ്വം സം വോ മനാം സി ജാനതാ..." ഒരുമിച്ച് മുന്നേറുമ്പോൾ, ഒരുമിച്ച് സംസാരിക്കുമ്പോൾ, ഒരുമിച്ച് ചിന്തിക്കുമ്പോൾ സമാജത്തിൽ ഒരു പുതുശക്തി ഉദയം ചെയ്യുന്നു. ഈ ശക്തിയിലൂടെ സമാജത്തിന് ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കും. സമാജത്തെ വൈഭവത്തിലേക്കെത്തിക്കും. ഇതാണ് സംഘകാര്യത്തിന്റെ കാതൽ.

സംഘകാര്യം കേവലമായ ഉപദേശങ്ങളോ കാര്യക്രമങ്ങളോ അല്ല; മറിച്ച് നിത്യേനയുള്ള സാധനയാണ്. ഈ സാധന അനുഷ്ഠിച്ചാൽ മാത്രമേ നാം സഫലതയിൽ എത്തിച്ചേരുകയുള്ളൂ. നാം ഇപ്പോൾ ഏഷ്യൻ ഗെയിംസ് കാണുന്നുണ്ട്. നമ്മുടെ യുവതീയുവാക്കൾ അനവധി മെഡലുകൾ വാരിക്കൂട്ടുന്നുമുണ്ട്. അതിന്റെയൊക്കെ പിന്നിൽ നിരന്തര പരിശ്രമവും സാധനയും തപസ്സും ഉണ്ട്. പ്രതിദിനം അവർക്ക് പരിശ്രമിക്കേണ്ടിവന്നു. അപ്പോഴാണ് സഫലത ലഭിച്ചത്. സംഗീതകാരന്മാർ ഇതുപോലുള്ള സദസുകളിൽ ആയിരക്കണക്കിന് ആളുകൾക്ക് ആനന്ദവും മാനസികോല്ലാസവും ശാന്തിയും നൽകുന്നത് വർഷങ്ങളുടെ നിരന്തര സാധനയും പരിശീലനവും കൊണ്ടാണ്. പ്രതിദിനം സാധന ചെയ്തില്ല എങ്കിൽ അവരുടെ സംഗീതത്തിൽ മേൽപറഞ്ഞ പ്രഭാവം ഉണ്ടായിരിക്കില്ല. കായികതാരമാണെങ്കിലും സംഗീതകാരനാണെങ്കിലും സഫല

തക്ക് നിത്യസാധന എത്രത്തോളം ആവശ്യമാണോ അത്രത്തോളം സം ഘടനാ കാര്യം ചെയ്യുന്നവർക്കും ആവശ്യമാണ്.

ഹിന്ദു സമാജത്തിൽ സമരസത കൊണ്ടുവരുവാനും ഭേദഭാവനകൾ ദൂരീകരിക്കുവാനും ചെയ്യുന്ന കാര്യങ്ങളാണ് സമാജ പരിവർത്തനം സാ ധ്യമാക്കുന്നത്. സംഘം അതിന്റെ ശതാ ബ്ദി ലക്ഷ്യങ്ങളൊന്നിൽ പഞ്ച പരിവർത്തനം എന്ന ചിന്ത മുന്നോട്ട് വയ്ക്കുന്നു. ഈ അഞ്ച് ആയാ മങ്ങളിലൂടെ നമുക്ക് സമാജത്തിൽ പരിവർത്തനം വരുത്തേണ്ടതുണ്ട്. ഇതിൽ ഒന്നാമത്തേത് സാമാജികസമരസതയാണ്. അത് നമ്മൾ ചർച്ച ചെയ്തു കഴിഞ്ഞു. രണ്ടാമത്തേത് കുടുംബ പ്രബോധനമാണ്. ഹിന്ദു സമാജത്തിന്റെ ആധാരം കുടുംബങ്ങളാണ്. ഓരോ കുടുംബത്തിലെ യും അംഗങ്ങൾ നമ്മുടെ ധർമ-സംസ്കൃതികളുടെയും മൂല്യങ്ങളുടെ യും അടിസ്ഥാനത്തിൽ നയിക്കപ്പെടുമ്പോൾ ആദർശ കുടുംബവും അതുവഴി ആദർശ സമാജവും ഉത്ഭൂതമാവുന്നു. അങ്ങനെ സുസ്ഥിര മായ കുടുംബം സ്വാഭാവികമായും സമരസതയെ കുറിച്ച് ചിന്തിക്കും. കുടുംബത്തിലെ പുതുതലമുറയിലെ കുട്ടികൾ ഹിന്ദുത്വ വിചാരങ്ങളാ വുന്ന ധർമം, സംസ്കൃതി, ദേശഭക്തി, സമാജ സേവ എന്നീ ഭാവനക ളാൽ വളരുന്നു. സ്വന്തം പരിശ്രമത്താൽ സ്വജീവിതവും കെടിപ്പടുക്ക ണം. ഇതിന്റെയൊക്കെ ആദ്യപാഠങ്ങൾ അവർക്ക് സ്വകുടുംബങ്ങളിൽ നിന്നുതന്നെ ലഭിക്കണം.

മൂന്നാമത്തേത് പരിസ്ഥിതിയാണ്. ഇതിനെ സംബന്ധിച്ച് ഇന്ന് മു ഴുവൻ ലോകത്തിലും ചർച്ചകൾ നടക്കുന്നുണ്ട്. കാട്, കൃഷിസ്ഥലം, മൃഗങ്ങൾ (ജംഗിൾ, ജമീൻ, ജാൻവർ) ഇവയെ സംരക്ഷിക്കണം. ജല വും വായുവും സംരക്ഷിക്കപ്പെടണം. ഇവയൊക്കെ അനുനിമിഷം മലി നപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിച്ചതിനാ ൽ ഭൂമി വിഷമയമായി മാറിക്കൊണ്ടിരിക്കുന്നു. അതിനാൽ തന്നെ മഴ യില്ലായ്മയും കാലാവസ്ഥാ മാറ്റവും ഇന്ന് ലോകത്ത് വലിയ സമസ്യ കളാണ്. ആയതിനാൽ നമുക്ക് വനവൽക്കരണം സസ്യങ്ങൾ വച്ചുപി ടിപ്പിക്കൽ ഇവയൊക്കെ നടത്തേണ്ടിയിരിക്കുന്നു. ജല മലിനീകരണം തടയേണ്ടതുണ്ട്. ഇങ്ങനെ, പരിസ്ഥിതി സംരക്ഷണത്തിന്റെ സാമാന്യ മായ കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ പകർത്തേണ്ടതുണ്ട്. അതിനാ ൽ പരിസ്ഥിതി സംരക്ഷണവും സ്വയംസേവകർ മറ്റുള്ളവരെ കൂട്ടി നടത്തേണ്ടതുണ്ട്.

ഇനിയുള്ളത് സ്വദേശീ വ്രതമാണ്. ഭാരതത്തിൽ നമുക്കെല്ലാം സ്വദേ ശീ ജീവിതരീതി അനുഷ്ഠിക്കേണ്ടതുണ്ട്. വലുതായാലും ചെറുതായാ ലും നമ്മുടെ വീട്ടിൽ ഉപയോഗിക്കുന്ന വസ്തു സ്വദേശി ആയിരിക്കണം. നമുക്കറിയാം ചന്ദ്രയാൻ-3 നമ്മുടെ ശാസ്ത്രജ്ഞർ പൂർത്തീകരിച്ചത്. സ്വദേശി നിഷ്ഠയോടെയാണ്. കേവലം ശാസ്ത്രരംഗത്തു മാത്രമല്ല ജീ വിതത്തിന്റെ സമസ്ത മേഖലകളിലും ഈ സ്വദേശി നിഷ്ഠ നാം പാ ലിക്കണം. സ്വദേശി-സ്വഭാഷാ-സ്വഭൂഷാ ഇവയൊക്കെ സാർത്ഥകമാക്ക ണം. ഇതിനായി നമ്മുടെ ഗ്രാമ-നഗരങ്ങളിൽ പരിശ്രമം ഉണ്ടാവണം. സംഘകാര്യത്തിൽ ഇതും മഹത്വമാർന്ന ഒരു പ്രവർത്തനമാണ്.

അഞ്ചാമത്തേത് പൗരധർമ്മം ആണ്. നാമെല്ലാം ഭാരതത്തിന്റെ പൗ രന്മാരാണ്. പൗരന്മാർ എന്ന നിലയിൽ നമുക്ക് നമ്മുടേതായ കർത്ത വ്യങ്ങളും ഉണ്ട്. പൗരന്മാരെ സംബന്ധിച്ച് അച്ചടക്കം, അനുശാസനം എന്നിവ പാലിക്കാൻ ബാധ്യസ്ഥരാണ്. നമ്മുടെ ജീവിതത്തിൽ സമാ ജത്തിന്റേതായ അനുശാസനങ്ങൾ പാലിക്കണം. സ്വയംസേവകരെന്ന

നിലയിൽ നാമിപ്പോൾ ഈ മൈതാനത്തിലിരിക്കുമ്പോൾ, ഇത് നമ്മുടെ ആവശ്യത്തിന് മാത്രമുള്ളതല്ല; മറിച്ച് സമാജത്തിന്റെ ആവശ്യത്തിനും കൂടി ഉള്ളതാണെന്ന് മനസ്സിലാക്കണം. അതിനാൽ നമ്മുടെ കാര്യക്രമം കഴിഞ്ഞ് മൈതാനം വൃത്തിയാക്കി സൂക്ഷിക്കണം. ഇങ്ങനെ നിത്യജീവിതത്തിൽ ട്രാഫിക് നിയമങ്ങളെ അനുസരിക്കുന്ന കാര്യത്തിലാണെങ്കിലും പൊതു മുതലുകൾ ഉപയോഗിക്കുന്ന കാര്യത്തിലാണെങ്കിലും നിയമപാലനത്തിന്റെ കാര്യത്തിലാണെങ്കിലും നാം പൗരധർമ്മം പാലിക്കണം. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചുവെങ്കിലും സ്വാതന്ത്ര്യം ചില ഉത്തരവാദിത്തങ്ങളും കൂടി നമ്മെ ഏൽപിക്കുന്നുണ്ട്. എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യമല്ല നമുക്ക് ലഭിച്ചിട്ടുള്ളത്. ആയതിനാൽ ഭാരതീയ പൗരസമൂഹത്തിന് സ്വന്തം കർത്തവ്യങ്ങളെ കുറിച്ചും പൗരധർമ്മത്തെക്കുറിച്ചും അവബോധം നൽകുക എന്നുള്ളതും സംഘകാര്യം തന്നെയാണ്.

ഈ പഞ്ച പരിവർത്തനങ്ങളെ സംഘം അതിന്റെ ശതാബ്ദിവേളയിൽ സമാജത്തിന്റെ ഓരോ കോണിലും എത്തിക്കാനുള്ള പരിശ്രമം സ്വയംസേവകരിലൂടെ നടത്തുകയാണ്. ഇത് സമാജ പരിവർത്തനത്തിന്റെ പഞ്ച സ്തംഭങ്ങൾ (അഞ്ച് തൂണുകൾ) ആണ്. ഇത് നമ്മുടെ നിത്യ ശാഖ നടക്കുന്ന സ്ഥാനുകളിലും ഗ്രാമ-നഗരങ്ങളിലും വിദ്യാലയങ്ങളിലും ഓഫീസുകളിലും കുടുംബങ്ങളിലും ഒക്കെ ആചരിക്കാനുള്ള സ്വഭാവം സമാജത്തിൽ ഉണ്ടായിവരണം. സ്വയംസേവകർ ഇവ ആചരിച്ചുകൊണ്ട് മറ്റുള്ളവരെയും ആചരിക്കാൻ പ്രേരിപ്പിക്കണം. Be and Make(ആവുകയും ആക്കിത്തീർക്കുകയും ചെയ്യുക) ഇതാണ് നമ്മുടെ മന്ത്രം. സംഘകാര്യം-ഹിന്ദുസമാജത്തിന്റെ സംഘാടനം- ഇത് സ്വസാമർത്ഥ്യത്തിലൂടെയും ആത്മ സംയമനത്തിലൂടെയും അനുശാസനത്തിലൂടെയും വൈഭവശാലിയായ ഒരു ഭാരതത്തെ സൃഷ്ടിക്കുക എന്ന ലക്ഷ്യവും പേറിയാണ്. ഈ കാര്യങ്ങൾ ഗ്രാമനഗരങ്ങളിൽ ശാഖയിൽ പോകുന്ന സ്വയംസേവകർ മറ്റുള്ളവരുടെ കൂടി പങ്കാളിത്തത്തോടെ നടപ്പാക്കണം എന്നാണ് സംഘം പ്രതീക്ഷിക്കുന്നത്. വൈക്കം സത്യഗ്രഹം എങ്ങനെയാണോ എല്ലാവരുടെയും പങ്കാളിത്തത്തോടെ സഫലമായത്, അതുപോലെ തന്നെ സമാജത്തിലെ എല്ലാവരുടെയും പങ്കാളിത്തത്തോടെ ഒരുമിച്ച് സമാജ പരിവർത്തനത്തിന്റെ ഈ കാര്യങ്ങൾ നടപ്പാക്കാൻ മുന്നേറാം. നമ്മൾ ശാഖ, നിത്യസാധന, സമാജം പരിവർത്തനമെന്ന ലക്ഷ്യം, സമാജത്തെ ഒപ്പം നിറുത്തുന്ന സ്വഭാവം ഇവയെല്ലാം ചേർത്ത് പ്രവർത്തിക്കണം. ഇന്ന് ഈ കാര്യക്രമത്തിൽ പങ്കെടുത്ത സമാജത്തിലെ വിവിധ വിശിഷ്ട വ്യക്തികൾക്കും സംഘബന്ധുക്കൾക്കും സന്ന്യാസി ശ്രേഷ്ഠന്മാർക്കും ഒരിക്കൽ കൂടി നന്ദി അറിയിച്ചു കൊള്ളുന്നു. നിങ്ങളുടെ ആശീർവാദം എല്ലായ്പ്പോഴും ഞങ്ങൾക്കുണ്ടാവണമെന്ന് പ്രാർത്ഥിക്കുന്നു. സംഘസ്വയംസേവകരോട് ഭാരതമാതാവിന്റെ പരമവൈഭവത്തിനായി ഒന്നിച്ചു മുന്നേറാം എന്നും പറഞ്ഞു കൊള്ളട്ടെ!

**''തേരാ വൈഭവ് അമർ രഹേ മാ**
**ഹമ് ദിന ചാർ ന രഹേ''**

(നിന്റെ വൈഭവം അമരമാവട്ടെ അമ്മേ; ഞങ്ങളുടെ
ജീവനോ ക്ഷണികമല്ലേ)



ഒരുമിച്ച് മുന്നേറുമ്പോൾ, ഒരുമിച്ച്
സംസാരിക്കുമ്പോൾ, ഒരുമിച്ച്
ചിന്തിക്കുമ്പോൾ സമാജത്തിൽ
ഒരു പുതുശക്തി
ഉദയം ചെയ്യുന്നു.


നൂറ്റാണ്ടുകളായി
നേരിട്ട പ്രതിസന്ധികളോട്
പൊരുതി ജയിച്ച നമ്മുടെ
ഭാരതം  ഭൗതികവും
ആത്മീയവുമായ
പുരോഗതിയുടെ
പാതയിലൂടെ മുന്നേറുന്നതിന്
സാക്ഷികളാകാൻ സൗഭാഗ്യം
ലഭിച്ചവരാണ് നമ്മൾ.
രാഷ്ട്രീയ സ്വയംസേവക സംഘം, കേരളം